# വാർഷിക റിപ്പോർട്ട്

## 2001-2002

(സംക്ഷിപ്ത രൂപം)

KAU LIBRARY
810231
IR KAU/AR 2001-02

കേരള കാർഷിക സർവ്വകലാശാല

810231

IR KAU/AR 2001-02

VARSHIKA REPORT
(Malayalam)

2001 - 2002

September 2002

Copies : 400

*Compiled and Edited by :*

K. A. Mohammed
Assistant Registrar (Admn.)
Kerala Agricultural University

*Published by :*

Registrar
Kerala Agricultural University
KAU P.O. 680 656, Thrissur

*Printed at :*

Kerala Agricultural University Press
Mannuthy-680 651, Thrissur

# ഉള്ളടക്കം


| | | |
|---|---|---|
| അവലോകനം | – | 1 -7 |
| പൊതുഭരണം | – | 8 - 12 |
| വിദ്യാഭ്യാസം | – | 13 -17 |
| ഗവേഷണം | – | 18 - 31 |
| വിജ്ഞാനവ്യാപനം | – | 32 - 34 |
| കേന്ദ്രഗ്രന്ഥാലയം | – | 35 |
| എഞ്ചിനീയറിംഗ് വിഭാഗം | – | 36 |
| വിദ്യാർത്ഥിക്ഷേമം | – | 37 |
| സർവകലാശാല എസ്റ്റേറ്റും കാമ്പസ് വികസനവും | – | 38 |
| ധനകാര്യം | – | 39 |

# അവലോകനം

കേരള കാർഷിക സർവ്വകലാശാലയുടെ ഭരണസമിതി 2001-2002 ലെ (1-4-2001 മുതൽ 31-3-2002 വരെ) വാർഷിക റിപ്പോർട്ട് ജനറൽ കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

പൊതുഭരണം, വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം, വിദ്യാർത്ഥിക്ഷേമം, മരാമത്ത്, എസ്റ്റേറ്റ്, ധനകാര്യം എന്നിവയാണ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

റിപ്പോർട്ടുവർഷം 1-4-2001 മുതൽ 19-6-2001 വരെ ഡോ. ആർ. ഗോപിനാഥൻ, പ്രോ-വൈസ് ചാൻസലർ, വൈസ് ചാൻസലറുടെ ചുമതല വഹിച്ചു. തുടർന്ന് 20-6-2001 ൽ ഡോ. കെ.വി. പീറ്റർ വൈസ് ചാൻസലറായി ചുമതലയേൽക്കുകയും 31-3-2002 വരെയും ആ പദവിയിൽ തുടരുകയും ചെയ്തു. കേരള കാർഷിക സർവ്വകലാശാല നിയമഭേദഗതി നിലവിൽ വന്നതിനെ തുടർന്ന് പ്രോ-വൈസ് ചാൻസലർ പദവി 25-12-2001 ൽ ഇല്ലാതാകുന്നതുവരെ, ഡോ. ആർ. ഗോപിനാഥൻ ആ സ്ഥാനത്ത് തുടർന്നു. ശ്രീ. കെ.ആർ.മുരളീധരൻ, ഐ. എ. എസ്. 1-4-2001 മുതൽ 29-11-2001 വരെയും, 17-12-2001 മുതൽ 31-3-2002 വരെയും രജിസ്ട്രാർ പദവിയിൽ തുടർന്നു. 30-11-2001 മുതൽ 16-12-2001 വരെ വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. എ.ഐ. ജോസ് ആണ് രജിസ്ട്രാറുടെ ചുമതല വഹിച്ചത്. ശ്രീ. കെ. പി. രവീന്ദ്രൻ 1-4-2001 മുതൽ 31-10-2001 വരെ കംപ്ട്രോളറായി തുടർന്നു. ശ്രീമതി പി.ചന്ദ്രമതി അമ്മ 12-11-2001 ന് കംപ്ട്രോളറായി സ്ഥാനമേൽക്കുകയും 31-3-2002 വരെയും ആ പദവിയിൽ തുടരുകയും ചെയ്തു. 1-11-2001 മുതൽ 11-11-2001 വരെ ശ്രീമതി വി.എം. ലളിതകുമാരി, ഡെപ്യൂട്ടി കംപ്ട്രോളർ, കംപ്ട്രോളറുടെ ചുമതല വഹിച്ചു. ഡോ. എ.ഐ. ജോസ് വിജ്ഞാന വ്യാപന വിഭാഗം മേധാവിയായി തുടർന്നു. ഗവേ

ഷണ വിഭാഗം മേധാവിയായ ഡോ. കെ.വി.പീറ്റർ 20-6-2001 ന് വൈസ് ചാൻസലറായി ചുമതലയേറ്റതിനെ തുടർന്ന്, ഗവേഷണ വിഭാഗം സഹമേധാവി ഡോ. കെ. കുമാരൻ 20-6-2001 മുതൽ 31-3-2002 വരെ പ്രസ്തുത ചുമതല വഹിച്ചു. ഡി.പി.പി.യുടെ ചുമതല റിപ്പോർട്ടുവർഷത്തിലും ശ്രീ. പി.ആർ. ഗോവിന്ദൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹിച്ചു. ഡോ. വി.എസ്. ബാലകൃഷ്ണൻ 4-5-2001 വരെ വിദ്യാർത്ഥി ക്ഷേമവിഭാഗം മേധാവിയായി തുടർന്നു. ഡോ.ജോസ് ജോൺ ചുങ്കത്ത് 5-5-2001 മുതൽ 10-9-2001 വരെയും, 2-10-2001 മുതൽ 31-3-2002 വരെയും, ഡോ. ടി. ശ്രീകുമാരൻ 11-9-2001 മുതൽ 1-10-2001 വരെയും ടി ചുമതല വഹിച്ചു. ഡോ. എം. മോഹൻദാസ് 6-6-2001 വരെ അക്കാദമിക് വിഭാഗം തലവന്റെ ചുമതല വഹിച്ചു. വെള്ളായണി കാർഷിക കോളേജ് ഡീനിന്റെ പദവിയിൽ 6-6-2001 വരെ തുടർന്ന് ഡോ. പി.എ.വാഹിദ് 7-6-2001 മുതൽ അക്കാദമിക് വിഭാഗം തലവനായി ചുമതലയേൽക്കുകയും 31-3-2002 വരെ പ്രസ്തുത പദവിയിൽ തുടരുകയും ചെയ്തു. 6-6-2001 വരെ ചുമതല വഹിച്ച ഡോ. പി. എ. വാഹിദിനെ തുടർന്ന് ഡോ.ആർ. വിക്രമൻ നായർ 7-6-2001 മുതൽ 31-3-2002 വരെ വെള്ളായണി കാർഷിക കോളേജ് ഡീനിന്റെ ചുമതല വഹിച്ചു. ഡോ. കെ. ജോൺ തോമസ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ഫാക്കൽറ്റി ഡീനായി തുടർന്നു. ഡോ. കെ. എൻ. മുരളീധരൻ നായർ 15-11-2001 വരെ വെറ്ററിനറി കോളേജിന്റെ ഡീനായി തുടർന്നു. 16-11-2001 മുതൽ 31-3-2002 വരെ ഡോ. പി.പി. ബാലകൃഷ്ണനായിരുന്നു വെറ്ററിനറി കോളേജ് ഡീനിന്റെ ചുമതല. ഡോ. ഡി. മണികണ്ഠൻ തമ്പി 1-4-2001 മുതൽ 1-2-2002 വരെ ഫിഷറീസ് ഡീനിന്റെ ചുമതല വഹിച്ചു. 2-2-2002 മുതൽ ഡോ. ഡി. ദാമോദരൻ നമ്പൂതിരിക്കായിരുന്നു ഡീനിന്റെ ചുമതല. ഡോ. എ. സുകുമാരവർമ്മ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജ് അസോ. ഡീനായും, ഫോറസ്ട്രി കോളേജിന്റെ അസോസിയേറ്റ് ഡീനായി ഡോ. ലക്കിൻസ് സി. ബാബുവും, കോ-ഓപ്പറേഷൻ ബാങ്കിംഗ് ആന്റ് മാനേജ്മെന്റ് കോളേജിന്റെ അസോസിയേറ്റ് ഡീനായി ഡോ. എം. മോഹൻദാസും, ഡയറി സയൻസ് കോളേജിന്റെ സ്പെഷ്യൽ ഓഫീസറായി ഡോ. വി. പ്രസാദും, പൂക്കോട് വെറ്ററിനറി കോളേജിന്റെ സ്പെഷ്യൽ ഓഫീ

നറായി ഡോ. പി.പി. ബാലകൃഷ്ണനും തുടർന്നു. ഡോ. യു. രാമചന്ദ്രൻ 2-1-2002 വരെ പടന്നക്കാട് കാർഷിക കോളേജ് അസോസിയേറ്റ് ഡീനായി തുടർന്നു. 3-1-2002 മുതൽ ഡോ. എം. അബ്ദുൾ സലാമിനായിരുന്നു അസോസിയേറ്റ് ഡീനിന്റെ ചുമതല. ശ്രീമതി എം. സി. ലളിത അസി. ലൈബ്രേറിയൻ, യൂണിവേഴ്സിറ്റി ലൈബ്രേറിയന്റെ ചുമതല തുടർന്നു.

## വിദ്യാഭ്യാസം

സർവകലാശാലയുടെ കീഴിൽ ആകെ പത്ത് കോളേജുകളാണുള്ളത്.

വെള്ളായണി കാർഷിക കോളേജ്, വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ്, പനങ്ങാട് ഫിഷറീസ് കോളേജ്, മണ്ണുത്തി വെറ്ററിനറി കോളേജ്, മണ്ണുത്തി ഡയറി സയൻസ് കോളേജ്, വെള്ളാനിക്കര കോ-ഓപ്പറേഷൻ ബാങ്കിംഗ് ആന്റ് മാനേജ്മെന്റ് കോളേജ്, തവന്നൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, പൂക്കോട് വെറ്ററിനറി കോളേജ്, വെള്ളാനിക്കര ഫോറസ്ട്രി കോളേജ് എന്നിവിടങ്ങളിൽ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ വിവിധ കോഴ്സുകൾക്ക് പ്രവേശനം നൽകി. ഇവയിൽ ഇടുക്കിയിൽ ഉദ്ദേശിച്ചിട്ടുള്ള ഡയറി സയൻസ് കോളേജ് മണ്ണുത്തി വിജ്ഞാന വ്യാപനവിഭാഗത്തിന്റെ കെട്ടിടത്തിലും, വയനാട്ടിൽ ഉദ്ദേശിച്ചിട്ടുള്ള പൂക്കോട് വെറ്ററിനറി കോളേജ് മണ്ണുത്തി വെറ്ററിനറി കോളേജ് കാമ്പസിലുമാണ് താൽക്കാലികമായി പ്രവർത്തിച്ചു വരുന്നത്.

ഡയറി സയൻസ് കോളേജിലും, പടന്നക്കാട് കോളേജിലും ഒഴികെ മറ്റെല്ലാ കോളേജുകളിലും ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടർന്നു. കാർഷിക കോളേജ്, വെറ്ററിനറി കോളേജ്, ഹോർട്ടികൾച്ചർ കോളേജ്, സി.ബി. ആന്റ് എം. കോളേജ് എന്നിവിടങ്ങളിൽ ഡോക്ടറേറ്റ് കോഴ്സുകളും ഉണ്ട്. വിവിധ കോഴ്സുകൾക്കായി വിവിധ കോളേജുകളിൽ റിപ്പോർട്ടുവർഷം 561 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയുണ്ടായി.

അദ്ധ്യാപനത്തിന് സെമസ്റ്റർ സമ്പ്രദായമാണ് ഇവിടെ അനുവർത്തിക്കുന്നത്. റിപ്പോർട്ടുവർഷം 1922 വിദ്യാർത്ഥികൾ വിവിധ

കോളേജുകളിലായി ഡിഗ്രി കോഴ്സുകൾക്കും 270 പേർ പി. ജി. കോഴ്സുകൾക്കും, 79 പേർ ഡോക്ടറേറ്റിനും പഠിച്ചിരുന്നു. ഇൻഡ്യൻ യൂണിവേഴ്സിറ്റീസ് അസോസിയേഷനിലും ഇൻഡ്യൻ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റീസ് അസോസിയേഷനിലും കേരള കാർഷിക സർവ്വകലാശാല അംഗമായി തുടർന്നു.

## ഗവേഷണം

പ്രധാനമായും മുപ്പത്തിരണ്ടു ഗവേഷണ കേന്ദ്രങ്ങളാണ് സർവ്വകലാശാലയ്ക്കുള്ളത്. പ്രാദേശികാടിസ്ഥാനത്തിലുള്ള പ്രശ്നാധിഷ്ഠിത ഗവേഷണത്തിനാണ് സർവ്വകലാശാല മുൻഗണന നൽകുന്നത്. സർവ്വകലാശാലയിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റിൽ നിന്നുള്ള ഗ്രാന്റിനു പുറമെ ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിൽ, ശാസ്ത്രസാങ്കേതിക വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഡി.ബി.ടി., ആറ്റമിക് എനർജി വകുപ്പ്, സ്പൈസസ് ബോർഡ് തുടങ്ങിയവയിൽനിന്നും ഗണ്യമായ സാമ്പത്തിക സഹായം ലഭിച്ചുവരുന്നു.

ദേശീയ കാർഷിക ഗവേഷണ പദ്ധതിയുടെ ഭാഗമായി വെള്ളായണി (ദക്ഷിണ മേഖല), കുമരകം (പ്രശ്ന മേഖല), പട്ടാമ്പി (മദ്ധ്യ മേഖല), പിലിക്കോട് (ഉത്തര മേഖല), അമ്പലവയൽ (ഹൈറേഞ്ച് മേഖല) എന്നിങ്ങനെ അഞ്ച് പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഫാം വികസന പരിപാടികൾ, പരീക്ഷണശാലകളുടെ ആധുനികവൽക്കരണം, പുതിയ ഗവേഷണപദ്ധതികൾ തുടങ്ങിയവ ആസൂത്രണം ചെയ്തിരുന്നതുപോലെതന്നെ തൃപ്തികരമായി പുരോഗമിച്ചു. ഓണാട്ടുകര പ്രദേശത്തെ തെങ്ങുകൃഷിയുടെ സമഗ്ര പുരോഗതി ഉദ്ദേശിച്ച് ഒ.ആർ.എ.ആർ. എസ്, കായംകുളം എന്ന പേരിൽ ആരംഭിച്ച പുതിയ കേന്ദ്രം നിലവിലുള്ള കായംകുളം ഗവേഷണകേന്ദ്രത്തിനോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നു.

മുൻഗണന നിശ്ചയിച്ച അടിസ്ഥാനത്തിൽ ഗവേഷണ പദ്ധതികൾ നടപ്പാക്കുന്നതിന് കൃഷി ഫാക്കൽറ്റിയിൽ മുപ്പതും, വെറ്ററിനറി ഫാക്കൽറ്റിയിൽ പത്തും, കാർഷിക എഞ്ചിനീയറിങ്ങിലും ഫിഷറീസ് ഫാക്കൽറ്റിയിലും യഥാക്രമം നാലും അഞ്ചും വീതവും പ്രോജക്ട് കോ-ഓർഡിനേഷൻ ഗ്രൂപ്പുകൾ പ്രവർത്തിച്ചു വരുന്നു.

ഐ. സി. എ. ആർ സഹായത്തോടെ നടത്തുന്ന പദ്ധതികൾ ഉൾപ്പെടെ അഗ്രിക്കൾച്ചർ ഫാക്കൽറ്റിയിൽ 136-ഉം, അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ഫാക്കൽറ്റിയിൽ 10-ഉം, ഫിഷറീസ് ഫാക്കൽറ്റിയിൽ എട്ടും, വെറ്ററിനറി ഫാക്കൽറ്റിയിൽ 30-ഉം പദ്ധതികൾ നടപ്പാക്കി വരുന്നു.

വിവിധ ഫാക്കൽറ്റികളിലെ ഫാക്കൽറ്റി റിസർച്ച് കമ്മറ്റികൾ റിപ്പോർട്ട് വർഷം മൊത്തം നാലു തവണ യോഗം കൂടുകയുണ്ടായി.

## വിജ്ഞാനവ്യാപനം

ഡോ. എ. ഐ. ജോസ് വിജ്ഞാന വ്യാപന വിഭാഗം മേധാവിയായി തുടർന്നു. സംസ്ഥാനത്തെ വിവിധ വികസന വകുപ്പുകളിലെ വിജ്ഞാനവ്യാപന പ്രവർത്തകർക്കും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും സാങ്കേതിക സഹായം എത്തിക്കുക, വിവിധ മാധ്യമങ്ങളിലൂടെ ശാസ്ത്ര സാങ്കേതിക വിജ്ഞാനം കർഷകർക്ക് പകർന്നു നൽകുക ഇവയാണ് വിജ്ഞാനവ്യാപന വിഭാഗത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

കമ്മ്യൂണിക്കേഷൻ സെന്റർ, ഫാം അഡ്വൈസറി വിഭാഗം, ട്രെയിനിംഗ് സർവ്വീസ് സ്കീം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ വഴിയാണ് സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ വിജ്ഞാനവ്യാപനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നത്. കൃഷിക്കാർക്ക് നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്ന കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, കൃഷിയിടങ്ങളിൽ ഡെമോൺസ്ട്രേഷനുകൾ നടത്തുക, വൊക്കേഷണൽ ട്രെയിനിംഗുകൾ നടത്തുക, തുടങ്ങിയവയാണ് പ്രധാനമായും ഈ യൂണിറ്റുകൾ ചെയ്തു വരുന്നത്.

ശാസ്ത്രസാങ്കേതിക ലേഖനങ്ങൾ, കാർഷിക പ്രശ്നോത്തരികൾ, വിവിധ ശാസ്ത്രീയ പ്രസിദ്ധീകരണങ്ങൾ, റേഡിയോ പ്രോഗ്രാമുകൾ, ടി വി പരിപാടികൾ, കൃഷിദർശൻ പരിപാടികൾ, പ്രദർശനങ്ങൾ മുതലായവയാണ് മറ്റു വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ.

ഫാം അഡ്വൈസറി വിഭാഗം പല ജില്ലകളിലായി കാർഷിക സെമിനാറുകളിൽ പങ്കെടുത്തു. വളരെയധികം കർഷകർക്ക് ഇതുകൊണ്ട് പ്രയോജനമുണ്ടായി. തൃശൂർ, കോഴിക്കോട്, പാലക്കാട്,

എറണാകുളം, കാസർഗോഡ് ജില്ലകളിൽ ജില്ലാതല സെമിനാറുകൾ നടത്തുകയുണ്ടായി. ഏകദേശം 2067 കർഷകർ പ്രശ്നപരിഹാരത്തിനായി കമ്മ്യൂണിക്കേഷൻ സെന്റർ സന്ദർശിച്ചു. കൃഷിക്കാരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയുണ്ടായി. കർഷകരുടെ കത്തുകൾക്ക് മറുപടി അയച്ചു വരുന്നു.

ഇൻഫർമേഷൻ കം സെയിൽസ് സെന്ററിന്റെ പ്രവർത്തനവും സ്തുത്യർഹമായ വിധം നടന്നുവരുന്നു. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, യൂണിവേഴ്സിറ്റി പ്രസിദ്ധീകരണങ്ങൾ, മാംസം, മാംസോല്പന്നങ്ങൾ, പഴം, പച്ചക്കറി, പഴ ഉല്പന്നങ്ങൾ, അലങ്കാര മത്സ്യം തുടങ്ങിയവയെല്ലാം ഒരേ സ്ഥലത്തുനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശം. എൻ.എ.ടി.പി.യുടെയും ലോകബാങ്കിന്റെയും സഹായത്തോടെ ഈ കേന്ദ്രം അഗ്രി. ടെക്നോളജി ഇൻഫർമേഷൻ സെന്റർ (ആറ്റിക്) എന്ന പേരിൽ ഉയർത്തപ്പെട്ടു. ഈ കേന്ദ്രം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

തൃശ്ശൂർ പൂരത്തോടനുബന്ധിച്ചുള്ള അഖിലേന്ത്യാ വ്യാവസായിക–കാർഷിക പ്രദർശനത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാനവ്യാപനവിഭാഗം പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുകയുണ്ടായി. ഇതിനുപുറമെ എക്സിബിഷൻ ആൻറ് ഗ്രാഫിക്സ് യൂണിറ്റ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രദർശനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

സദാനന്ദപുരം, പട്ടാമ്പി, അമ്പലവയൽ, മഞ്ചേശ്വരം എന്നീ കൃഷി വിജ്ഞാനകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ കാമ്പസ്സിന് അകത്തും പുറത്തും പരിശീലന പരിപാടികൾ നടത്തുകയുണ്ടായി.

എക്സ്റ്റൻഷൻ ഡയറക്ടറേറ്റിന്റെ ഒരു വിഭാഗമായ സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വിവിധ പരിശീലന പരിപാടികൾ റിപ്പോർട്ടു വർഷവും നടത്തി. ഈ കേന്ദ്രത്തിൽ മൊത്തം 71 ട്രെയിനിങ്ങുകൾ റിപ്പോർട്ടുവർഷം നടത്തുകയുണ്ടായി.

അഗ്രോമെറ്റീരിയോളജിക്കൽ അഡ്വൈസറി യൂണിറ്റുകൾ വെള്ളാനിക്കര, അമ്പലവയൽ, പിലിക്കോട്, വെള്ളായണി എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. പാണഞ്ചേരി, ഒല്ലൂക്കര, ചേർപ്പ്, മാടക്കത്തറ, പൊറത്തിശ്ശേരി പഞ്ചായത്തുകൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്. കാർഷിക കാലാവസ്ഥാ പ്രവചന പരിപാടി ആണ് ഇവയുടെ ലക്ഷ്യം.

യൂണിവേഴ്സിറ്റിയുടെ മരാമത്ത് പണികൾ, കെട്ടിടങ്ങളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണികൾ എന്നിവ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയാണ്. ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന് യൂണിവേഴ്സിറ്റിയുടെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സബ് ഡിവിഷനുകൾ ഉണ്ട്. ശ്രീ. പി. ആർ. ഗോവിന്ദനാണ് ഫിസിക്കൽ പ്ലാന്റ് ഡയറക്ടറുടെ ചുമതല വഹിച്ചത്.

കെ. എ. യു. എസ്റ്റേറ്റിലെ മൊത്തം 391.44 ഹെക്ടറിൽ 253.30 ഹെക്ടർ മറ്റാവശ്യങ്ങൾക്കായി വിട്ടുകൊടുത്തിരിക്കുകയാണ്. റിപ്പോർട്ടു വർഷം 24,207 കിലോഗ്രാം റബർ ഉല്പാദിപ്പിക്കുകയും വിൽക്കുകയും ചെയ്തു. ആകെ 8,73,006 രൂപക്കാണ് പ്രസ്തുത റബ്ബർ ലേലം കൊണ്ടത്. എസ്റ്റേറ്റിലെ ചെലവ് 24,42,157 രൂപയാണ്.

മണ്ണുത്തി, വെള്ളാനിക്കര കാമ്പസ്സുകളിലെ യൂണിവേഴ്സിറ്റി ജീവനക്കാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുന്നതിനായി 1981 ൽ ആരംഭിച്ച കെ. എ. യു. സ്ക്കൂൾ 1990–91 ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. 31 അദ്ധ്യാപകരും 9 അനദ്ധ്യാപകരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. ഇവിടെ 755 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തി.

കേരള സർക്കാരിൽ നിന്നും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിൽ നിന്നും ലഭിച്ച ഗ്രാന്റായിരുന്നു യൂണിവേഴ്സിറ്റിയുടെ മുഖ്യ ധനാഗമമാർഗ്ഗം. 7025 ലക്ഷം രൂപ ഗ്രാന്റിനത്തിൽ പ്രതീക്ഷിച്ചിരുന്നു. 5475 ലക്ഷം രൂപയാണ് ഗ്രാന്റിനത്തിൽ ലഭിച്ചത്.

# പൊതുഭരണം

കേരള സർക്കാരിന്റെ 1971 ലെ 33-ാം ആക്ട് പ്രകാരം 1972 ഫെബ്രുവരി 1-ാം തീയതി കേരള കാർഷിക സർവ്വകലാശാല നിലവിൽ വന്നു.

തൃശ്ശൂർ-പാലക്കാട് ദേശീയപാതയിൽ തൃശ്ശൂർ പട്ടണത്തിന് 10 കിലോമീറ്റർ കിഴക്ക് വെള്ളാനിക്കരയാണ് കാർഷിക സർവ്വകലാശാലയുടെ ആസ്ഥാനം. ഈ കാമ്പസ്സിലാണ് ഹോർട്ടിക്കൾച്ചർ കോളേജും ഫോറസ്ട്രി കോളേജും സഹകരണ ബാങ്കിംഗ് ആന്റ് മാനേജ്മെന്റ് കോളേജും സ്ഥിതിചെയ്യുന്നത്. മണ്ണുത്തിയിലും പൂക്കോടും ഉള്ള വെറ്ററിനറി കോളേജുകൾ, ഇപ്പോൾ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന ഡയറി സയൻസ് കോളേജ്, പനങ്ങാട്ടുള്ള ഫിഷറീസ് കോളേജ്, വെള്ളായണിയിലും പിലിക്കോടും ഉള്ള കാർഷിക കോളേജുകൾ, തവനൂരിലുള്ള എഞ്ചിനീയറിംഗ് കോളേജ് എന്നിവ ഉൾപ്പെടെ 10 കോളേജുകളാണ് കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ളത്. സംസ്ഥാനമൊട്ടാകെ വ്യാപിച്ചു കിടക്കുന്ന 32 ഗവേഷണ സ്ഥാപനങ്ങളിൽ ചിലത് ബിരുദാനന്തര ഗവേഷണ കേന്ദ്രങ്ങളായി അംഗീകരിക്കപ്പെട്ടവയാണ്. ദേശീയ കാർഷിക ഗവേഷണ പദ്ധതി സർവ്വകലാശാലയിൽ നടപ്പാക്കിയപ്പോൾ പിലിക്കോട്, അമ്പലവയൽ, പട്ടാമ്പി, കുമരകം, വെള്ളായണി എന്നീ അഞ്ചു കേന്ദ്രങ്ങൾ മേഖലാ കാർഷിക ഗവേഷണ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടു.

റിപ്പോർട്ടുവർഷം സർവ്വകലാശാലാ നടത്തിപ്പിനുള്ള ധനസഹായം മുഖ്യമായും നൽകിയത് സംസ്ഥാന സർക്കാരും കാർഷിക ഗവേഷണ കൗൺസിലുമാണ്. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ്, ഡി.ബി.ടി., ആറ്റമിക് എനർജി ഡിപ്പാർട്ടുമെന്റ്, സ്പൈസസ് ബോർഡ് എന്നീ ഏജൻസികളും ധനസഹായം നൽകുകയുണ്ടായി.

## സർവ്വകലാശാലയിലെ ഭരണനിർവ്വഹണ സംവിധാനം

സർവ്വകലാശാലയുടെ ചാൻസലർ സംസ്ഥാന ഗവർണ്ണറും പ്രോ-ചാൻസലർ കൃഷി വകുപ്പു മന്ത്രിയുമാണ്. വൈസ് ചാൻസലറാണ് സർവ്വകലാശാലയുടെ മുഖ്യ ഭരണാധികാരി. ഭരണ നിർവ്വഹണത്തിൽ പ്രോ-വൈസ് ചാൻസലർ (25-12-01 വരെ)പങ്കുവഹിക്കുന്നു.

ജനറൽ കൗൺസിലിലേയും എക്സിക്യൂട്ടീവ് കമ്മറ്റിയിലേയും അക്കാദമിക് കൗൺസിലിലേയും ഔദ്യോഗികാംഗം കൂടിയാണ് വൈസ് ചാൻസലർ. പ്രോ-വൈസ് ചാൻസലർ (25-12-01 വരെ) വിവിധ ഫാക്കൽറ്റി ഡീൻമാർ, ഗവേഷണ വിഭാഗം ഡയറക്ടർ, വിജ്ഞാന വ്യാപന വിഭാഗം ഡയറക്ടർ, ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ, വിദ്യാർത്ഥി ക്ഷേമവിഭാഗം ഡയറക്ടർ, രജിസ്ട്രാർ, കംപ്ട്രോളർ എന്നീ ഉദ്യോഗസ്ഥർ ഭരണനിർവ്വഹണത്തിൽ വൈസ് ചാൻസലറെ സഹായിക്കുന്നു.

രജിസ്ട്രാർ ഭരണകാര്യങ്ങളുടെയും കംപ്ട്രോളർ ധനകാര്യങ്ങളുടെയും ചുമതല വഹിക്കുന്നു. ഗവേഷണ വിഭാഗത്തിന്റെയും വിജ്ഞാന വ്യാപന വിഭാഗത്തിന്റെയും വിദ്യാർത്ഥി ക്ഷേമ വകുപ്പിന്റെയും ചുമതല അതാത് ഡയറക്ടർമാർക്കാണ്. അദ്ധ്യാപനത്തിന്റെ മേൽനോട്ടം അതാത് ഫാക്കൽറ്റി ഡീൻമാരും അസോസിയേറ്റ് ഡീൻമാരും നിർവഹിക്കുന്നു.

## സർവ്വകലാശാലയുടെ അധികാരസഭകൾ

ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മറ്റി, അക്കാദമിക് കൗൺസിൽ വിവിധ ഫാക്കൽറ്റികളിലെ ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയാണ് സർവ്വകലാശാലയിലെ പ്രധാന അധികാരസഭകൾ.

### ജനറൽ കൗൺസിൽ

സർവ്വകലാശാലയുടെ പരമോന്നത സഭയാണ് ജനറൽ കൗൺസിൽ. തിരഞ്ഞെടുക്കപ്പെട്ട സഭയുടെ കാലാവധി മൂന്നു വർഷമാണ്. 31-1-2001 ൽ ആണ് ഇപ്പോഴത്തെ കൗൺസിൽ പുനഃസംഘടിപ്പിക്കപ്പെട്ടത്. സാധാരണയായി 4 മാസത്തിലൊരിക്കലാണ് കൗൺസിൽ യോഗം ചേരുന്നത്.

## എക്സിക്യൂട്ടീവ് കമ്മറ്റി

സർവ്വകലാശാലയിലെ പ്രധാന ഭരണനിർവ്വഹണസമിതിയാണി ത്. 26-12-01 ലെ കാർഷിക സർവ്വകലാശാല നിയമ ഭേദഗതി പ്രകാരം ഈ കമ്മറ്റിയിലെ അംഗസംഖ്യ 23 ൽ നിന്ന് 12 ആയി കുറഞ്ഞു. റിപ്പോർട്ടുവർഷം ഈ സമിതി 4 തവണ സമ്മേളിച്ചു.

## അക്കാദമിക് കൗൺസിൽ

സർവ്വകലാശാലയുടെ വിവിധ ഫാക്കൽറ്റികളിലെ വിദ്യാഭ്യാസ നിലവാരം നിലനിർത്തുന്നതിനുള്ള ചുമതല അക്കാദമിക് കൗൺസി ലിനാണ്. ഇതിനു പുറമെ വിദ്യാഭ്യാസപരമായി നിയമാനുസൃതം ഏൽപ്പിക്കപ്പെടുന്ന മറ്റു ചുമതലകൾ നിറവേറ്റുവാനും അധികാര ങ്ങൾ പ്രയോഗിക്കുവാനും കൂടി ഈ കൗൺസിലിന് ബാദ്ധ്യതയു ണ്ട്. റിപ്പോർട്ടു വർഷം കൗൺസിൽ 3 തവണ സമ്മേളിച്ചു. റിപ്പോർട്ടു കാലയളവിൽ കൗൺസിൽ എടുത്ത പ്രധാന തീരുമാനങ്ങൾ താഴെ പറയുന്നു.

എ) 22-5-2001 ൽ കൂടിയ 85-ാമത് അക്കാദമിക് കൗൺസിലിൽ വെറ്ററിനറി ഉൾപ്പെടെയുള്ള എല്ലാ ബിരുദ കോഴ്സുകളുടേയും സിലബസുകൾ പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചു.

ബി) ഫിഷറീസിലെ എല്ലാ പ്രവർത്തിപരിചയ പദ്ധതികളും 7-8-2001 ൽ കൂടിയ 86-ാമത് അക്കാദമിക് കൗൺസിൽ അംഗീ കരിച്ചു.

സി) മറ്റു സർവ്വകലാശാലകളിലെ ബിരുദാനന്തര/ഡോക്ടറേറ്റ് വിദ്യാർത്ഥികൾക്ക് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി യിൽ ഗവേഷണ പ്രബന്ധം തയ്യാറാക്കുന്നതിന് അനുവാദം നൽകുന്നതിനുവേണ്ടി റിപ്പോർട്ട് നൽകുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ 4-12-2001 ൽ കൂടിയ 87-ാമത് അക്കാ ദമിക് കൗൺസിൽ തീരുമാനിച്ചു.

## അക്രിഡിറ്റേഷൻ

ജി.ബി.പന്ത് അഗ്രി. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസല റായ ഡോ. ജെ.ബി.ചൗധരി ചെയർമാനായി ഇൻഡ്യൻ കാർഷിക

ഗവേഷണ കൗൺസിലിന്റെ ഒരു Peer Review Team കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയും അതിനു കീഴിലുള്ള കോളേജുകളും 2002 ഫെബ്രുവരിയിൽ സന്ദർശിച്ച് വിശദമായി വിലയിരുത്തുകയുണ്ടായി.

### പരീക്ഷാ വിഭാഗത്തിന്റെ രൂപീകരണം

ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വെറ്ററിനറി ഒഴികെയുള്ള കോളേജുകളിലെ വിദ്യാർത്ഥികളുടെ പരീക്ഷ സംബന്ധിച്ച കാര്യങ്ങൾക്കായി ഒരു പ്രത്യേക പരീക്ഷാവിഭാഗം രൂപീകരിച്ചു.

### ഉപസമിതികൾ

*ജനറൽ കൗൺസിലിന്റെ ഉപസമിതികൾ*

1. അഷ്വറൻസ് കമ്മറ്റി
2. അക്കൗണ്ട്സ് കമ്മറ്റി
3. സ്റ്റാറ്റ്യൂട്ട് സബ് കമ്മറ്റി

*എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ഉപസമിതികൾ*

1. എസ്റ്റാബ്ലിഷ്മെന്റ് കമ്മറ്റി
2. റിസർച്ച് റിവ്യൂ കമ്മറ്റി
3. ഫിനാൻസ് കമ്മറ്റി
4. പ്ലാനിംഗ് ആന്റ് ഡവലപ്മെന്റ് കമ്മറ്റി
5. വിദ്യാർത്ഥി ക്ഷേമ കമ്മറ്റി
6. വർക്ക്സ് കമ്മറ്റി

### റിസർച്ച് കൗൺസിലും എക്സ്റ്റൻഷൻ അഡ്വൈസറി കമ്മറ്റിയും

ഗവേഷണ പരിപാടികൾക്കു രൂപം നൽകുകയാണ് റിസർച്ച് കൗൺസിലിന്റെ പ്രധാന ചുമതല.

വിജ്ഞാനവ്യാപനം നടത്തുന്ന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപദേശങ്ങൾ നൽകുന്നത് എക്സ്റ്റൻഷൻ അഡ്വൈസറി കമ്മറ്റിയാണ്.

## ഫാക്കൽറ്റി റിസർച്ച് കമ്മറ്റി

ഓരോ ഫാക്കൽറ്റിക്കും പ്രത്യേകം റിസർച്ച് കമ്മറ്റികളുണ്ട്. സർവ്വകലാശാലയിലെ ഗവേഷണ പരിപാടികൾ ഇടയ്ക്കിടെ വിശകലനം ചെയ്യുകയും വിലയിരുത്തുകയുമാണ് ഈ കമ്മറ്റികൾ ചെയ്യുന്നത്.

## കോ-ഓർഡിനേഷൻ ഗ്രൂപ്പുകൾ

പ്രൊജക്ട് ലീഡർമാരിൽനിന്നും മറ്റും ലഭിക്കുന്ന ഗവേഷണ നിർദ്ദേശങ്ങൾ അപഗ്രഥിച്ച് വിലയിരുത്തുന്നതിനുള്ളതാണ് കോ-ഓർഡിനേഷൻ ഗ്രൂപ്പുകൾ. അഗ്രികൾച്ചർ ഫാക്കൽറ്റിയിൽ 30 ഉം, വെറ്ററിനറിയിൽ പത്തും, അഗ്രി. എഞ്ചിനീയറിംഗ് ഫാക്കൽറ്റിയിൽ നാലും, ഫിഷറീസിൽ അഞ്ചും വീതം കോ-ഓർഡിനേഷൻ ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു.

## വിദ്യാർത്ഥികളുടെ പ്രവേശനം

കേരള സർക്കാർ നടത്തുന്ന പൊതുപ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിലാണ് ഡിഗ്രി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയത്. ബിരുദാനന്തര തലത്തിൽ പ്രവേശനം നൽകിയത് മത്സരപ്പരീക്ഷയ്ക്ക് ലഭിച്ച മാർക്ക്, പ്രായോഗിക പരിചയം, ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ എണ്ണം, അഭിമുഖത്തിൽ ലഭിച്ച മാർക്ക് എന്നിവയെ അടിസ്ഥാനമാക്കിയായിരുന്നു. ഐ. സി. എ. ആർ. നാമനിർദ്ദേശം ചെയ്യുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയും ഏതാനും സീറ്റുകൾ നീക്കിവെയ്ക്കുകയുണ്ടായി.

## തൊഴിൽ

ഫാം തൊഴിലാളികളിൽ താല്ക്കാലിക തൊഴിലാളികളും സ്ഥിരം തൊഴിലാളികളുമുണ്ട്. കൃഷിവകുപ്പിലേയും മൃഗസംരക്ഷണവകുപ്പിലേയും തൊഴിലാളികൾക്ക് ബാധകമായിട്ടുള്ള സർക്കാർ നിയമങ്ങൾ തന്നെയാണ് സർവ്വകലാശാലയിലെ തൊഴിലാളികൾക്കും ബാധകമായിട്ടുള്ളത്.

# വിദ്യാഭ്യാസം

## കാർഷിക കോളേജ്, വെള്ളായണി

വെള്ളായണിയിൽ 1955 ൽ സ്ഥാപിക്കപ്പെട്ട ഈ കോളേജിന്റെ കാമ്പസിന് 243 ഹെക്ടർ വിസ്തൃതിയുണ്ട്. സംസ്ഥാന കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലായിരുന്ന ഇത് 1972 ൽ കാർഷിക സർവകലാശാല നിലവിൽ വന്നതോടെ ഘടക കോളേജുകളിൽ ഒന്നായി. 1962 ലാണ് ഇവിടെ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിച്ചത്.

1-4-2001 മുതൽ 6-6-2001 വരെ ഡോ. പി. എ. വാഹിദും, 7-6-2001 മുതൽ 31-3-2002 വരെ ഡോ. ആർ. വിക്രമൻ നായരും (പ്രൊഫസർ) ഡീനിന്റെ ചാർജ്ജ് വഹിച്ചു. കാർഷിക ബിരുദ കോഴ്സിന് 249 ഉം ബിരുദാനന്തരബിരുദ കോഴ്സിന് 87 ഉം വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. 28 പേർ പി.എച്ച്.ഡി. പ്രോഗ്രാമിനുണ്ടായിരുന്നു. വിദ്യാർത്ഥികൾക്ക് ഫീസിളവും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും വിവിധ സ്കോളർഷിപ്പുകളും നൽകുകയുണ്ടായി. 59 വിദ്യാർത്ഥികൾക്ക് ബിരുദതലത്തിലും വ്യത്യസ്ത വിഷയങ്ങളിൽ ഓരോന്നിലും ശരാശരി 8 വിദ്യാർത്ഥികൾക്ക് ബിരുദാനന്തരതലത്തിലും പ്രവേശനം നൽകി വരുന്നു.

കോളേജിനോടനുബന്ധിച്ച് യു. ജി., പി. ജി., വനിതാ ഹോസ്റ്റലുകൾ പ്രവർത്തിച്ചു. കോളേജ് ലൈബ്രറിയിൽ ഇന്ത്യൻ ജേർണലുകളും വിദേശ ജേർണലുകളും വരുത്തിയിരുന്നു. ഇൻസ്ട്രക്ഷണൽ ഫാമിന്റെ വികസന പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. അഗ്രോ-മെറ്റീരിയോളജിക്കൽ അഡൈ്വസറി സർവ്വീസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

## ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര

1972 ഒക്ടോബർ 29 ന് മണ്ണുത്തിയിൽ സ്ഥാപിക്കപ്പെട്ട ഈ കോളേജ് 1977 നവംബറിൽ ഇപ്പോഴത്തെ ആസ്ഥാനമായ വെള്ളാനിക്കരയിലേക്ക് മാറ്റി.1976-77 ൽ ബിരുദാനന്തരബിരുദവും 1979-80ൽ ഡോക്ടറേറ്റ് ബിരുദവും ആരംഭിച്ചു.

ഹോർട്ടിക്കൾച്ചർ കോളേജിൽ 35 വകുപ്പുകൾ പ്രവർത്തിച്ചു വരുന്നു. കോളേജിനോടനുബന്ധിച്ചുള്ള ഇൻസ്ട്രക്ഷണൽ ഫാമിന് 95.35 ഹെക്ടർ വിസ്തീർണ്ണമുണ്ട്. റിപ്പോർട്ടുവർഷം ഡോ. എ. സുകുമാരവർമ്മ അസോസിയേറ്റ് ഡീനിന്റെ ചുമതല വഹിച്ചു.

ഇവിടെ ബിരുദ കോഴ്സിന് 248 വിദ്യാർത്ഥികളും ബിരുദാനന്തര ബിരുദത്തിന് 101 വിദ്യാർത്ഥികളും പഠിച്ചിരുന്നു. കോളേജ് ലൈബ്രറിയിൽ ഇന്ത്യൻ ജേർണലുകളും വിദേശ ജേർണലുകളും വരുത്തുന്നുണ്ട്.

## കാർഷിക കോളേജ്, പടന്നക്കാട്

കാസർകോട് ജില്ലയിലെ പിലിക്കോട് പടന്നക്കാട്ട് 2-6-1994ൽ സ്ഥാപിച്ച ഈ കോളേജ് മലബാർ പ്രദേശത്തെ കർഷക ജനതയുടെ ആവശ്യങ്ങൾ നിറവേറ്റും. 1998 ഓഗസ്റ്റ് മുതൽ ഈ കോളേജ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. റിപ്പോർട്ടുവർഷം 1-4-2001 മുതൽ 2-1-2002 വരെ ഡോ.യു.രാമചന്ദ്രനും, 3-1-2002 മുതൽ 31-3-2002 വരെ ഡോ. എം. അബ്ദുൾ സലാമും അസോ. ഡീനിന്റെ ചുമതല വഹിച്ചു. 121 വിദ്യാർത്ഥികളാണ് റിപ്പോർട്ടു വർഷം കോളേജിലുണ്ടായിരുന്നത്.

## സഹകരണ ബാങ്കിംഗ് ആന്റ് മാനേജ്മെന്റ് കോളേജ്, വെള്ളാനിക്കര

1981 ൽ ആരംഭിച്ച ഈ കോളേജ് താൽക്കാലികമായി ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവന്നിരുന്നത്. 1997 സെപ്റ്റംബറിൽ വെള്ളാനിക്കരയിലുള്ള സ്വന്തം കെട്ടിടത്തിലേക്ക് മാറി. ആരംഭത്തിൽ ബി.എസ്. സി. (സി. ആന്റ് ബി.) കോഴ്സ് മാത്രമാണ് ഉണ്ടായിരുന്നത്. 1986 ൽ ബിരുദാനന്തര ബിരുദം

ആരംഭിച്ചു. റിപ്പോർട്ട് വർഷം ബിരുദ കോഴ്സിന് 151 പേരും ബിരുദാനന്തരബിരുദത്തിന് 9 പേരുമാണ് പഠിച്ചിരുന്നത്. പി.എച്ച്.ഡി. പ്രവേശനത്തിന് ഒരാൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ഡോ. എം. മോഹൻദാസ് അസോ. ഡീനായി തുടർന്നു.

## ഫോറസ്ട്രി കോളേജ്, വെള്ളാനിക്കര

1987 ഒക്ടോബർ 27 ന് ഈ കോളേജ് പ്രവർത്തനം ആരംഭിച്ചു. ബിരുദ-ബിരുദാനന്തര കോഴ്സുകളും അതേ വർഷം ആരംഭിച്ചു. റിപ്പോർട്ടു വർഷം ഡോ. ലക്കിൻസ് സി. ബാബു അസോസിയേറ്റ് ഡീനായിരുന്നു. 56 വിദ്യാർത്ഥികൾ ബിരുദ കോഴ്സിനും 10 വിദ്യാർത്ഥികൾ ബിരുദാനന്തര ബിരുദ കോഴ്സിനും പഠിച്ചിരുന്നു.

## വെറ്ററിനറി ആന്റ് അനിമൽ സയൻസ് കോളേജ്, മണ്ണുത്തി

1955 ൽ സ്ഥാപിതമായ വെറ്ററിനറി കോളേജ് 1972 ൽ കാർഷിക സർവകലാശാലയുടെ ഒരു ഘടകമായിത്തീർന്നു. കോളേജ് കാമ്പസ്സിന്റെ വിസ്തൃതി 195 ഹെക്ടർ ആണ്. മണ്ണുത്തിയിലുള്ള കന്നുകാലി ഫാം, പന്നിവളർത്തൽ കേന്ദ്രം, കോഴിവളർത്തൽ കേന്ദ്രം, മണ്ണുത്തിയിലും കൊക്കാലയിലുമുള്ള മൃഗാശുപത്രികൾ എന്നിവ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു. തുമ്പൂർമുഴിയിലും തിരുവാഴാംകുന്നിലുമുള്ള കന്നുകാലി ഫാമുകൾ ഈ കോളേജിന്റെ അനുബന്ധ സ്ഥാപനങ്ങളാണ്. ഈ കോളേജിൽ റിപ്പോർട്ടുവർഷം 20 ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിച്ചു.

1-4-2001 മുതൽ 15-11-2001 വരെ ഡോ. കെ. എൻ. മുരളീധരൻ നായരാണ് ഡീനിന്റെ ചുമതല വഹിച്ചത്. 16-11-2001 മുതൽ 31-3-2001 വരെ ഡോ. പി.പി.ബാലകൃഷ്ണനായിരുന്നു ഡീനിന്റെ ചുമതല വഹിച്ചത്. 536 വിദ്യാർത്ഥികൾ ബി.വി.എസ്.സി. കോഴ്സിനും 87 വിദ്യാർത്ഥികൾ എം.വി.എസ്.സി.കോഴ്സിനും 13 കുട്ടികൾ പി. എച്ച്.ഡി. യ്ക്കും പഠിച്ചിരുന്നു.

കോഴിവളർത്തൽ ഉന്നതപഠനകേന്ദ്രം, മൃഗരോഗ പഠനശ്രേഷ്ഠ കേന്ദ്രം, മൃഗപ്രജനനത്തിലും പാരമ്പര്യശാസ്ത്രത്തിലുമുള്ള ഉന്നത പഠനകേന്ദ്രം, മൃഗാശുപത്രി മണ്ണുത്തി, കൊക്കാല എന്നിവ കോളേജി

നോടനുബന്ധിച്ചു പ്രവർത്തിച്ചു. പുറമേ നിന്നു സാമ്പത്തിക സഹായം ലഭിക്കുന്ന പല ഗവേഷണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ഇന്ത്യൻ ജേർണലുകളും വിദേശ ജേർണലുകളും ഉൾപ്പെട്ട നല്ല ഒരു ലൈബ്രറിയാണ് കോളേജിനുള്ളത്. ബീജസങ്കലനവും വാക്സിനേഷനും കോളേജ് ഹോസ്പിറ്റലിൽ നടത്തിവരുന്നു. സർക്കാരിൽ നിന്നും സ്വകാര്യ ഏജൻസികളിൽ നിന്നും ലഭിച്ച ഭക്ഷണ സാമ്പിളുകളും, ജല സാമ്പിളുകളും ഇവിടെ പരിശോധിക്കുന്നുണ്ട്.

## വെറ്ററിനറി കോളേജ്, പൂക്കോട്

ഈ കോളേജ് താൽക്കാലികമായി മണ്ണുത്തി കാമ്പസ്സിൽ പ്രവർത്തിച്ചു വരുന്നു. റിപ്പോർട്ടുവർഷം ഡോ.പി.പി. ബാലകൃഷ്ണൻ സ്പെഷ്യൽ ഓഫീസറുടെ ചുമതല വഹിച്ചു. 108 വിദ്യാർത്ഥികൾ ഇവിടെ ഉണ്ട്.

## ഡയറി സയൻസ് കോളേജ്, മണ്ണുത്തി

1994 ഡിസംബറിൽ വെറ്ററിനറി കോളേജിൽ പ്രവർത്തനമാരംഭിച്ചു. ഈ കോളേജ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് മണ്ണുത്തിയിൽ വിജ്ഞാനവ്യാപനവിഭാഗത്തിന്റെ കെട്ടിടത്തിലാണ്. 95 കുട്ടികളാണ് ഈ വർഷം കോളേജിൽ ഉണ്ടായിരുന്നത്. ഇടുക്കി ജില്ലയിൽ വാഗമണ്ണിനടുത്ത് കോലാഹലമേട്ടിലാണ് ഈ കോളേജ് സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ളത്. കെട്ടിടനിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഡോ. വി. പ്രസാദ് സ്പെഷ്യൽ ഓഫീസറായി തുടർന്നു.

## ഫിഷറീസ് കോളേജ്, പനങ്ങാട്

മണ്ണുത്തിയിൽ 1979 ൽ ആരംഭിച്ച ഫിഷറീസ് കോളേജ് 1981 ൽ പനങ്ങാട്ടേക്ക് മാറ്റി. ബി.എഫ്.എസ്.സി. കോഴ്സിന് ഈ വർഷം 176 ഉം, പി. ജി. ക്ക് 7ഉം വിദ്യാർത്ഥികൾ പഠിച്ചിരുന്നു. മൂന്നു വിഷയങ്ങളിൽ ഇവിടെ ബിരുദാനന്തര ബിരുദകോഴ്സുകൾ നടത്തുന്നുണ്ട്.

റിപ്പോർട്ടുവർഷം 1-4-2001 മുതൽ 1-2-2002 വരെ ഡോ. ഡി. എം. തമ്പിയും 2-2-2002 മുതൽ 31-3-2002 വരെ ഡോ. ഡി. ദാമോദരൻ നമ്പൂതിരിയും ഡീനിന്റെ ചുമതല വഹിച്ചു.

## അഗ്രി. എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി കോളേജ്, തവനൂർ

മലപ്പുറം ജില്ലയിലെ തവനൂരിൽ 1963 ൽ സ്ഥാപിച്ച തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം 1975 ൽ കേരള കാർഷിക സർവ്വകലാശാല ഏറ്റെടുത്തു. 1985 ഒക്ടോബർ രണ്ടാം തീയതി ഈ സ്ഥാപനം കോളേജായി പുനർനാമകരണം ചെയ്തു. കോളേജ് കാമ്പസ്സിന് 40 ഹെക്ടർ വിസ്തൃതിയുണ്ട്. ഡോ. കെ. ജോൺ തോമസ് റിപ്പോർട്ടുവർഷവും ഡീനായി തുടർന്നു. ബിരുദത്തിനു 100 ഉം പി.ജിക്ക് 2 ഉം വിദ്യാർത്ഥികൾ ഈ കോളേജിൽ ഉണ്ടായിരുന്നു.

## കെ. എ. യു. സ്ക്കൂൾ

മണ്ണുത്തി വെള്ളാനിക്കര കാമ്പസുകളിലെ യൂണിവേഴ്സിറ്റി ജീവനക്കാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം നൽകുക എന്ന ഉദ്ദേശത്തോടുകൂടി പരേതനായ മുൻ വൈസ്ചാൻസലർ ഡോ. എൻ. കാളീശ്വരൻ ഐ.എ.എസ്. ന്റെ പ്രത്യേക താൽപര്യത്തിൽ 1981 ൽ ആരംഭിച്ചതാണ് കെ.എ.യു. ക്രഷ് ആന്റ് സ്ക്കൂൾ. 1990-91 ൽ ഇത് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. 31 അദ്ധ്യാപകരും 9 അനദ്ധ്യാപകരും ഇവിടെ ജോലി ചെയ്യുന്നു. മൊത്തം 755 കുട്ടികൾ റിപ്പോർട്ടു വർഷം ഇവിടെ പഠിച്ചിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷയിൽ 99% വിജയം നേടി.

ശാസ്ത്രക്ലബ്ബ്, ഗണിതശാസ്ത്രക്ലബ്ബ്, പ്രകൃതി ക്ലബ്ബ് എന്നിവ ഈ സ്ക്കൂളിൽ പ്രവർത്തിച്ചുവരുന്നു. ജില്ലാതലത്തിലും വിദ്യാഭ്യാസ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ദക്ഷിണേന്ത്യാ ശാസ്ത്രമേളയിലും മത്സരങ്ങളിൽ ഈ സ്ക്കൂൾ സമ്മാനങ്ങൾ നേടുകയുണ്ടായി. ക്വിസ് പരിപാടികളിലും സ്പോർട്ട്സിലും ഇവിടുത്തെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ സമ്മാനങ്ങൾ നേടി. ഡെൽഹിയിൽ വെച്ചുനടന്ന സ്പെഷ്യൽ നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിലും ഇവിടത്തെ കുട്ടികൾ പങ്കെടുത്തു.

ശ്രീമതി കെ. പി. ത്രേസ്യാമ്മ പ്രധാന അദ്ധ്യാപികയായി തുടർന്നു.

# ഗവേഷണം

ദേശീയ കാർഷിക ഗവേഷണ പദ്ധതി നടപ്പാക്കിയതോടെ കേരളത്തിലെ അഞ്ചു കാർഷിക കാലാവസ്ഥാമേഖലകളിലെയും പ്രാദേശിക കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണത്തക്കവിധത്തിലുള്ള ഗവേഷണ പദ്ധതികളാണ് സർവകലാശാല ആവിഷ്കരിച്ചു നടപ്പാക്കി വരുന്നത്. ഗവേഷണ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള സ്ഥിരം സംവിധാനം സർവ്വകലാശാലയിൽ നിലവിലുണ്ട്. വൈസ് ചാൻസലർ, ഗവേഷണ വിഭാഗം ഡയറക്ടർ, അസോസിയേറ്റ് ഡയറക്ടർമാർ എന്നിവർ ഗവേഷണ പരിപാടികൾ കൂടെക്കൂടെ വിലയിരുത്തുകയുണ്ടായി.

വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ നടന്നു വരുന്ന പദ്ധതികളുടെ പുരോഗതി പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതാത് കേന്ദ്രങ്ങൾ സന്ദർശിച്ചു.

ഗവേഷണ വിഭാഗത്തിന്റെ കീഴിൽ പ്രധാനമായി 32 ഗവേഷണ കേന്ദ്രങ്ങളുള്ളതിൽ 5 എണ്ണം മേഖലാ ഗവേഷണ കേന്ദ്രങ്ങളാണ്. ദക്ഷിണമേഖല-വെള്ളായണി, പ്രശ്നാധിഷ്ഠിത മേഖല-കുമരകം, മധ്യമേഖല-പട്ടാമ്പി, വടക്കൻ മേഖല-പിലിക്കോട്, ഹൈറേഞ്ച് മേഖല-അമ്പലവയൽ എന്നീ അഞ്ചു മേഖലകൾ അതാതു അസോസിയേറ്റ് ഡയറക്ടർമാരുടെ ഭരണത്തിൻ കീഴിലാണ്. ഓണാട്ടുകര പ്രദേശത്തെ തെങ്ങുകൃഷിയുടെ സമഗ്ര പുരോഗതി ഉദ്ദേശിച്ച് ഒ. ആർ.എ.ആർ.എസ്., കായംകുളം എന്ന പേരിൽ ഒരു പ്രൊജക്ട് ഡയറക്ടറുടെ കീഴിൽ നിലവിലുള്ള കായംകുളം ഗവേഷണ കേന്ദ്രത്തോട് അനുബന്ധിച്ച് നടന്നുവരുന്നുണ്ട്.

### എൻ. എ. ആർ. പി., വെള്ളായണി

വെള്ളായണി കോളേജിനോടനുബന്ധിച്ചാണ് ദക്ഷിണമേഖല എൻ. എ. ആർ. പി. സ്കീം പ്രവർത്തിക്കുന്നത്. ഓർക്കിഡ്, ആന്തൂ

റിയാ എന്നിവയിലും തേനീച്ച വളർത്തൽ, ജൈവകീടനിയന്ത്രണം, പെസ്റ്റിസൈഡ് റെസിഡ്യൂ, തീറ്റപ്പുല്ല് കൃഷി, തെങ്ങിന്റെ മണ്ഡരി രോഗം, വളമായി ചകിരിച്ചോറിന്റെ ഉപയോഗം എന്നിവയിൽ കാതലായ ഗവേഷണങ്ങൾ ആണ് ഇവിടെ നടക്കുന്നത്.

## വിളവ്യവസ്ഥാ ഗവേഷണ കേന്ദ്രം, കരമന

1957 ൽ സ്ഥാപിതമായ ഈ കേന്ദ്രം 1972 ൽ സർവകലാശാല ഏറ്റെടുത്തു. 7.65 ഹെക്ടർ ആണ് വിസ്തീർണ്ണം. വിളപരിക്രമങ്ങളെക്കുറിച്ചുള്ള – നെല്ല് അടിസ്ഥാന വിളയാക്കി നെല്ല്-മൽസ്യം-കന്നുകാലി-കോഴിക്കൃഷി-ജൈവോർജ്ജ പരിവർത്തനം-ജൈവിക പുനചംക്രമണം (ഓർഗാനിക്ക് റീസൈക്ലിങ്ങ്) തുടങ്ങിയവ – പഠനങ്ങളാണ് ഈ കേന്ദ്രത്തിൽ നടന്നുവരുന്നത്. ഈ കേന്ദ്രത്തിൽ നടത്തിയ പരീക്ഷണങ്ങളിൽ ശുപാർശ ചെയ്യപ്പെട്ട അളവുകളിൽ പകുതി ജൈവവളമായും ബാക്കി രാസവളമായും ഒന്നാം വിളയിലും (വിരിപ്പ്) മുഴുവൻ അളവും രാസവളമായി രണ്ടാം വിളയിലും (മുണ്ടകൻ) നെൽക്കൃഷിയിൽ പ്രയോഗിച്ചപ്പോൾ മികച്ച വിളവ് തരുന്നതായി കണ്ടു.

## നാളികേര ഗവേഷണ കേന്ദ്രം, ബാലരാമപുരം

1963 ൽ സ്ഥാപിതമായ ഈ ഗവേഷണ കേന്ദ്രം 1972 ൽ കേരള കാർഷിക സർവകലാശാല ഏറ്റെടുത്തു. ആകെ വിസ്തീർണ്ണം 13.41 ഹെക്ടർ ആണ്. കേരളത്തിന്റെ തെക്കൻ മേഖലയിലുള്ള ചെമ്മൺ പ്രദേശങ്ങളിലെ തെങ്ങുകൃഷിക്കുവേണ്ട വളപ്രയോഗരീതി, പരിചരണമുറകൾ എന്നിവയെക്കുറിച്ച് ഇവിടെ ഗവേഷണം നടത്തി വരുന്നു. ഈ കേന്ദ്രത്തിൽ നടത്തിയ എൻ.പി.കെ. ന്യൂട്രിയന്റ് സ്റ്റഡീസിൽ തെങ്ങ ഉൽപ്പാദനത്തിന് ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ ഫോസ്ഫറസ്സിനെ അപേക്ഷിച്ച് നൈട്രജനും പൊട്ടാഷും ആണ് മുഖ്യമായത് എന്ന് കണ്ടു. മണ്ഡരി കീടനിയന്ത്രണത്തിൽ ജൈവ കീടനാശിനിയായ വേപ്പെണ്ണ – വെളുത്തുള്ളി – സോപ്പ് മിശ്രിതം ഡൈക്കോഫോളിനോട് തുല്യഫലം ഉളവാക്കുന്നതായി കണ്ടെത്തി.

## കൃഷി വ്യവസ്ഥാ ഗവേഷണകേന്ദ്രം, സദാനന്ദപുരം, കൊട്ടാരക്കര

1993 ൽ പ്രവർത്തനമാരംഭിച്ച ഈ കേന്ദ്രത്തിന് 8.96 ഹെക്ടർ വിസ്തീർണ്ണമുണ്ട്. കേരളത്തിലെ വിട്ടുവളപ്പുകളിൽ വൈവിധ്യ

മാർന്ന കൃഷിരീതികൾ നടപ്പാക്കുന്നതിനെ കുറിച്ചുള്ള ഗവേഷണ ങ്ങളോടൊപ്പം മണ്ണിര കമ്പോസ്റ്റും അതിന്റെ പ്രയോഗരീതികളും ഔ ഷധ സസ്യകൃഷി തുടങ്ങിയവയെ പറ്റിയുള്ള ഗവേഷണങ്ങളും ഇവിടെ നടന്നുവരുന്നു.

## മണ്ണ് പരിരക്ഷണ ഗവേഷണകേന്ദ്രം, കോന്നി

പത്തനംതിട്ട ജില്ലയിലെ കോന്നി എന്ന സ്ഥലത്താണ് ഈ കേന്ദ്രം സ്ഥിതിചെയ്യുന്നത്. 46.931 ഹെക്ടർ സ്ഥലമാണ് ഈ കേന്ദ്ര ത്തിലുള്ളത്. ഉഷ്ണമേഖലാപ്രദേശങ്ങളിലെ മണ്ണുപരിരക്ഷണ ത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഗവേഷണമാണിവിടെ നടക്കു ന്നത്. ജിയോടെക്സ്റ്റൈൽസിന്റെ ഉപയോഗം, വളമായി ചകിരിച്ചോ റിന്റെ ഉപയോഗം എന്നിവയും പഠന വിധേയമാക്കുന്നുണ്ട്.

## മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി

1927 ൽ ആരംഭിച്ച നെല്ല് സംവർദ്ധന കേന്ദ്രം 1930 ൽ കാർഷിക ഗവേഷണകേന്ദ്രമായും 1972 ൽ കേന്ദ്രനെല്ലുഗവേഷണകേന്ദ്രമായും മാറി. 1981 ൽ എൻ.എ.ആർ.പി. യുടെ കീഴിൽ ഇത് മദ്ധ്യമേഖലാ കാർഷിക ഗവേഷണ കേന്ദ്രമായി. 63.64 ഹെക്ടർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ കേന്ദ്രം ഇപ്പോൾ മദ്ധ്യമേഖലാ കാർഷിക ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുന്നു. ഈ കേന്ദ്രത്തോടനുബന്ധിച്ച് ഒരു വിത്തു പരിശോധനാശാലയും ഉണ്ട്. നെൽകൃഷിയിൽ നടത്തിയ കളനിയന്ത്രണപരീക്ഷണങ്ങളിൽ കളനാശിനികളായ പൈറാ സോൾഫുറോൺ ഈതൈൽ, ആൽമിക്സ് + ബ്യൂട്ടോക്ലോർ, പൈറാ സോൾഫുറോൺ ഈതൈൽ + 2.4 ഡി എന്നീ മിശ്രിതങ്ങളാണ് കൂടുതൽ ഫലപ്രദമായി കണ്ടത്. വിതയ്ക്കുന്ന നെൽ വിത്തിൽ ഫിപ്രോനിൽ എന്ന കീടനാശിനി പുരട്ടുകയോ ഞാറു നടുമ്പോൾ പ്രസ്തുത കീടനാശിനിയിൽ മുക്കിയ ശേഷം നടുകയോ ചെയ്യു ന്നത് തണ്ട് തുരപ്പനെതിരെ ഫലപ്രദമായ ഒരു നിയന്ത്രണ മാർഗ്ഗ മാണ് എന്നുകണ്ടു. ഫുറഡാൻ ഉപയോഗിച്ച വയലുകളിൽ ഇല ചുരുട്ടിപ്പുഴുവിന്റെ ശല്യം വളരെ കുറഞ്ഞതായി അനുഭവപ്പെട്ടു. വിത്തുകൾ അങ്കുരണശേഷി നഷ്ടപ്പെടാതെ കൂടുതൽ കാലം സൂക്ഷിച്ചുവയ്ക്കുന്നതിന് സാധാരണ ചണ ചാക്കുകളേക്കാൾ യോജിച്ചത് ഹൈ ഡെൻസിറ്റി പോളിത്തീൻ ബാഗുകളാണെന്ന് പരീ ക്ഷണങ്ങളിൽ നിന്ന് തെളിഞ്ഞു.

## കശുമാവ് ഗവേഷണ കേന്ദ്രം, ആനക്കയം

1968 ൽ സ്ഥാപിതമായ ഈ കേന്ദ്രം 1972 ൽ കേരള കാർഷിക സർവകലാശാല ഏറ്റെടുത്തു. 9.92 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ കേന്ദ്രത്തിൽ കശുമാവിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഗവേഷണമാണ് പ്രധാനമായും നടന്നുവരുന്നത്. മലപ്പുറത്ത് പല സ്ഥലങ്ങളിലായി അത്യുല്പാദനശേഷിയുള്ള കശുമാവിനങ്ങളുടെ 40 ഡെമോൺസ്ട്രേഷൻ പ്ളോട്ടുകൾ തയ്യാറാക്കുകയും കർഷകർക്കും പ്ളാന്റേഷൻ കോർപ്പറേഷനും കശുമാവ് കൃഷിയിൽ ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുകയും ചെയ്തു വരുന്നു.

## കൃഷി ഗവേഷണ കേന്ദ്രം, മണ്ണുത്തി

നെല്ലു ഗവേഷണത്തിനായി 1957 ൽ സ്ഥാപിച്ച ഈ കേന്ദ്രം 1972 ൽ കാർഷിക സർവകലാശാലയുടെ കീഴിലായി. ഈ കേന്ദ്രത്തിന് 24.75 ഹെക്ടർ വിസ്തീർണ്ണമുണ്ട്. തൊഴിൽരഹിത യുവാക്കൾക്കും കർഷകർക്കുമായി ഡി. ആർ. ഡി. എ. യും കൃഷിവകുപ്പുകളുമായി യോജിച്ച് വിവിധ പരിശീലനപരിപാടികൾ നടത്തിവരുന്നു. സർവകലാശാലയുടെ ഗവേഷണ പദ്ധതികൾക്കു പുറമെ നെല്ലിൽ AICRP യുടെ കീഴിൽ ഗവേഷണം നടത്തുന്നുണ്ട്. മെച്ചപ്പെട്ട വിളവു നൽകുമെന്നു പ്രതീക്ഷിക്കുന്ന രണ്ടു പുതിയ നെല്ലിനങ്ങൾ - കൾച്ചർ 7711 ഉം, കൾച്ചർ 10-15-1 ഉം പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അവസാന ഘട്ടത്തിലാണ്. അതുപോലെത്തന്നെ ഒരു പുതിയ പടവലം ഇനമായ ടി എ 5-1 ഉം, റിലീസിംഗ് സ്റ്റേജിലാണ്. മൂന്നാം വിള തരിശിടുന്ന നെൽവയലുകളിൽ നടാൻ പറ്റിയ പാവലിന്റേയും പടവലത്തിന്റേയും പുതിയ ഇനം വിത്തിനങ്ങളെ പറ്റിയുള്ള പരീക്ഷണ നിരീക്ഷണങ്ങളും ഇവിടെ നടന്നുവരുന്നു.

## കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ

അഖിലേന്ത്യാ ഏകോപിത കശുമാവ് ഗവേഷണ പദ്ധതിയുടെ കീഴിലുള്ള പരീക്ഷണങ്ങളാണ് പ്രധാനമായും ഇവിടെ നടക്കുന്നത്. ഈ കേന്ദ്രത്തിന്റെ ഭൂവിസ്തൃതി 47 ഹെക്ടർ ആണ്. അഖിലേന്ത്യാ സംയോജിത കശുമാവ് വികസനപദ്ധതിയുടെ കീഴിലുള്ള എട്ട് കേന്ദ്രങ്ങളിൽ ഒന്നാണിത്. വിദ്യാർത്ഥികൾക്കും കർഷകർക്കും സസ്യ

സംരക്ഷണം, പ്രവർദ്ധനം, നടീൽ തുടങ്ങിയവയിൽ പരിശീലനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുക തുടങ്ങിയവയാണ് ഈ കേന്ദ്രത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ.

## വാഴ ഗവേഷണ കേന്ദ്രം, കണ്ണാറയും പൈനാപ്പിൾ ഗവേഷണ കേന്ദ്രം, വെള്ളാനിക്കരയും

ഈ കേന്ദ്രം 1963 ൽ ആണ് സ്ഥാപിക്കപ്പെട്ടത്. ഐ. സി. എ. ആറിന്റെ എ. ഐ. സി. എഫ്. ഐ. പി. പദ്ധതിയുടെ കീഴിൽ വാഴ-പൈനാപ്പിൾ ഗവേഷണകേന്ദ്രമായിരുന്ന ഇത് 1974 ൽ കേരള കാർഷിക സർവകലാശാല ഏറ്റെടുക്കുകയും പൈനാപ്പിൾ ഗവേഷണ കേന്ദ്രം വെള്ളാനിക്കരയിലേക്ക് മാറ്റുകയും ചെയ്തു. കണ്ണാറ കേന്ദ്രത്തിന് 17.3 ഹെക്ടറും വെള്ളാനിക്കര കേന്ദ്രത്തിന് 6.3 ഹെക്ടറും വിസ്തീർണ്ണമുണ്ട്. വാഴയുടെയും കൈതച്ചക്കയുടെയും മികച്ച ഇനങ്ങൾ കണ്ടെത്തുന്നതിനും സംഭരിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള ഗവേഷണങ്ങൾ ഇവിടെ നടന്നുവരുന്നു. പൂവൻവാഴ നടുമ്പോൾ 2.1 മീറ്റർ x 2.1 മീറ്റർ എന്ന അകലമാണ് ഏറ്റവും കൂടുതൽ വിളവ് തരുന്നതായി കണ്ടത്. എന്നാൽ ഒരു ഹെക്ടറിൽ നിന്ന് ഏറ്റവും കൂടുതൽ വിളവു ലഭിക്കുന്നത് കണക്കാക്കുമ്പോൾ കൂടുതൽ അനുയോജ്യമായ അകലം 1.2 മീറ്റർ x 1.2 മീറ്റർ x 2 മീറ്റർ ആണെന്നും ഇത്തരത്തിൽ ഒരു ഹെക്ടറിന് 5028 വാഴ നടാവുന്നതാണെന്നും കണ്ടെത്തി. പൂവൻ വാഴയിനത്തിൽ നടത്തിയ പരീക്ഷണങ്ങളിൽ നൈട്രജൻ വളങ്ങളുടെ ഉപയോഗം 25% ജൈവവളമായും ബാക്കി 75% രാസവളമായും ഉപയോഗിക്കുമ്പോൾ ഏറ്റവും കൂടുതൽ വിളവു നൽകുന്നതായി രേഖപ്പെടുത്തി. അതുപോലെ വാഴനട്ട് 75, 165 ദിവസം പ്രായമാകുമ്പോൾ പൊട്ടാസ്യം (ക്ഷാരം) 100 ഗ്രാം വീതം ഇട്ടുകൊടുക്കുന്നത് മികച്ച വിളവ് തരുമെന്നും കണ്ടെത്തി.

## അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി

1962 ൽ സ്ഥാപിതമായ ഈ കേന്ദ്രം 1973 ൽ സർവകലാശാല ഏറ്റെടുത്തു. 8.95 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ കേന്ദ്രത്തിൽ സ്ഥല-ജലവിനിയോഗത്തെക്കുറിച്ചുള്ള ഗവേഷണങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. 8-ാം പദ്ധതിയിൽ ഉൾപ്പെട്ട രണ്ട് പുതിയ പ്രോജക്ടുകൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. മരങ്ങൾക്ക് വേണ്ട

ജലവിനിയോഗരീതിയെക്കുറിച്ച് പഠിക്കുന്നതിന് ഒരു കേന്ദ്രം വെള്ളാനിക്കരയിൽ ആരംഭിച്ച് 'ബബ്ളർ ഇറിഗേഷൻ സിസ്റ്റം' എന്ന ഒരു ജലസേചന രീതി രൂപപ്പെടുത്തിയിട്ടുണ്ട്. ഈ രീതിയിലുള്ള ജലസേചനത്തിൽ വളപ്രയോഗവും കൂടി നടത്തുന്നതുകൊണ്ട് മറ്റു രീതികളേക്കാൾ വളരെ ഏറെ പ്രയോജനപ്രദമാണ് ഇതു എന്നു തെളിഞ്ഞു.

## സുഗന്ധ-ഔഷധസസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി

ഈ ഗവേഷണ കേന്ദ്രം 1951 ൽ ഇഞ്ചിപ്പുൽ ഗവേഷണകേന്ദ്രമായി ആരംഭിച്ചു. 1972 ൽ കേരള കാർഷിക സർവകലാശാല ഏറ്റെടുത്തപ്പോൾ സുഗന്ധ-ഔഷധസസ്യവിള ഗവേഷണ കേന്ദ്രം എന്ന് പുനർനാമകരണം ചെയ്തു. ഇഞ്ചിപ്പുല്ലിന്റെ വിവിധ ഇനങ്ങൾ ശേഖരിക്കാനുള്ള പ്രവർത്തനവും സുഗന്ധതൈലവിളകളുടെ ഗവേഷണവും ഈ കേന്ദ്രത്തിൽ നടക്കുന്നുണ്ട്. മുൻകാലങ്ങളിൽ ഇവിടെനിന്നും പുറത്തിറക്കിയ മുന്തിയ ഇഞ്ചിപ്പുൽ ഇനമായ ഒ.ഡി. 19 നേക്കാൾ കൂടിയ അളവിൽ തൈലം അടങ്ങിയ ആറിനം ഇഞ്ചിപ്പുൽ ഇനങ്ങളിലുള്ള പരീക്ഷണങ്ങൾ തുടർന്നുവരുന്നു. നിലവിലുള്ള ഇനങ്ങളേക്കാൾ കൂടിയ തോതിൽ യൂജിനോൾ ഘടകം അടങ്ങിയ ഒരു പുതിയ തരം കറുവ (Cinnamon) ഇനവും ഇവിടെ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്.

ഔഷധസസ്യങ്ങളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, ഔഷധ സസ്യങ്ങളിലെ അപൂർവ്വ ഇനങ്ങളുടെ ശേഖരണം, തിരഞ്ഞെടുത്ത സസ്യങ്ങളുടെ കൃഷി സങ്കേത ഏകീകരണം, കീടരോഗനിയന്ത്രണം തുടങ്ങിയവയാണ് ഇവിടെ ഊന്നൽ കൊടുത്ത് നടത്തുന്ന ഗവേഷണങ്ങൾ.

## വിളരീതി ഗവേഷണ ഉപകേന്ദ്രം, വടക്കുംചേരി

തനതായ കൃഷിസാഹചര്യങ്ങളിൽ കൃഷിയെക്കുറിച്ച് ഗവേഷണം നടത്തുകയാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം.

വിരിപ്പു സീസണിൽ കുഴൽമന്ദം ബ്ലോക്കിലുള്ള പാടശേഖരങ്ങളിലേക്ക് ഏറ്റവും മൂപ്പുകുറഞ്ഞ നെല്ലിനം ഏ.ഡി.ടി. – 43 എന്നയിനമാണ്. മദ്ധ്യകാല മൂപ്പുള്ള ഇനങ്ങളിൽ മുന്തിയത് കൾച്ചർ 210-25 എന്നയിനവുമാണ്. മുണ്ടകൻ സീസണിലേക്ക് കൂടുതൽ

യോജിച്ചത്. എ.എസ്.ഡി.16 എന്ന ഹ്രസ്വകാല നെല്ലിനമാണെന്നും കണ്ടു. കൊല്ലംകോട്, ചിറ്റൂർ ബ്ലോക്കുകളിലെ പാടശേഖരങ്ങളിൽ നടത്തിയ പരീക്ഷണങ്ങളിൽ വിരിപ്പു സീസണിലേക്ക് ഏറ്റവും യോജിച്ചത് 117 – 137 ദിവസം മൂപ്പുള്ള നെല്ലിനങ്ങളും മുണ്ടകൻ സീസണിലേക്ക് അനുയോജ്യമായത് 137 ദിവസം വരെ മൂപ്പുള്ള ഇനങ്ങളായ കൾച്ചർ 210-25, ഭദ്ര, ആതിര തുടങ്ങിയ ഇനങ്ങളും ഹ്രസ്വകാല മൂപ്പുള്ള ഇനങ്ങളാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ എ.എസ്.ഡി. 16, ത്രിവേണി, ഐശ്വര്യ എന്നീ ഇനങ്ങളുമാണ് അനുയോജ്യമായത് എന്നു കണ്ടു.

## മേഖലാ കൃഷി ഗവേഷണ കേന്ദ്രം, പിലിക്കോട്

എൻ. എ. ആർ. പി. പദ്ധതിയുടെ കീഴിൽ വടക്കൻ ജില്ലകളായ കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകൾ ഉൾപ്പെടുത്തിക്കൊണ്ട് പിലിക്കോട് ഗവേഷണകേന്ദ്രം മേഖലാ കൃഷി ഗവേഷണകേന്ദ്രമാക്കി മാറ്റി. പിലിക്കോട് 57.87 ഹെക്ടറും നീലേശ്വരത്ത് 17.25 ഹെക്ടറുമാണ് ഈ കേന്ദ്രത്തിന്റെ കീഴിലുള്ളത്.

തെങ്ങും തെങ്ങുകൃഷിയെ അടിസ്ഥാനമാക്കിയുള്ള വിളരീതിയും ആണ് ഇവിടത്തെ ഗവേഷണവിഷയം. പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ ഗുണമേന്മ പരിശോധിക്കുക, മഞ്ചേശ്വരം കെ. വി. കെ. യുമായി യോജിച്ചുള്ള പ്രവർത്തനങ്ങൾ, പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിന്റെ മേൽനോട്ടം തുടങ്ങിയവയും ഈ കേന്ദ്രത്തിന്റെ പ്രവർത്തനപരിധിയിൽ വരുന്നു. തെങ്ങുകർഷകരെ ഇപ്പോഴത്തെ വിലക്കുറവും ഭീഷണിയിൽ നിന്നും രക്ഷിക്കുന്നതിനും തെങ്ങുല്പന്ന വൈവിധ്യവൽക്കരണത്തിനും വേണ്ടി നീര ഉല്പാദന, സംഭരണ വിഷയങ്ങളിൽ ഗവേഷണങ്ങളും ഇവിടെ നടന്നു വരുന്നു.

## കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ

സസ്യപ്രജനനം വഴി ഉല്പാദനശേഷി കൂടിയ കുരുമുളക് ഇനങ്ങൾ വികസിപ്പിക്കുക, പുതിയ പരിചരണമുറകൾ കണ്ടെത്തുക, കീടരോഗപ്രശ്നങ്ങൾക്ക് പരിഹാരം കാണുക തുടങ്ങിയവയിലാണ് ഇവിടെ ഗവേഷണം നടക്കുന്നത്. 1952 ൽ സ്ഥാപിതമായ ഈ കേന്ദ്രത്തിന്റെ വിസ്തീർണ്ണം 26.13 ഹെക്ടർ ആണ്. ഇന്ത്യയിലെ പ്രാദേ

ഷിക ഗവേഷണ കേന്ദ്രങ്ങളിൽ ഈ കേന്ദ്രം മാത്രമാണ് കുരുമുളകു ഗവേഷണത്തിന് മാത്രമായി നിലകൊള്ളുന്നത്. *Piper nigrum, P.colubrinum* എന്നീ പുതിയ കുരുമുളകിനങ്ങളിലുള്ള പരീക്ഷണങ്ങൾ പുരോഗമിച്ചുവരുന്നു. ഇവിടെ നടത്തിയ പരീക്ഷണങ്ങളിൽ കുരുമുളക് വള്ളി ഒന്നിന് രണ്ടു ലിറ്റർ വെള്ളം വീതം ദിവസേന കണിക ജലസേചന രീതിയിൽ നൽകിയാൽ മുളകുതിരിയുടെ എണ്ണത്തിലും വലിപ്പത്തിലും വർദ്ധനവ് ഉണ്ടാകുമെന്നുകണ്ടു. Metalaxyl Gold MZ ഉം, Trichoderma ഉം ചേർത്തു പ്രയോഗിച്ച് കുറച്ചു ദിവസങ്ങൾക്കുശേഷം Akomin ഉം, Trichoderma ഉം ചേർത്ത് പ്രയോഗിച്ചാൽ കുരുമുളകിന്റെ മൂടുചീയൽ രോഗത്തെ തടയാമെന്നാണ് ഇവിടെ നടത്തിയ പരീക്ഷണങ്ങൾ തെളിയിക്കുന്നത്.

## മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി താലൂക്കിൽ കോഴിക്കോടിന് 100 കിലോമീറ്റർ വടക്കു കിഴക്കായി കിടക്കുന്ന ഈ കേന്ദ്രം വയനാട്ടിലെയും മറ്റ് ഉയർന്ന പ്രദേശങ്ങളിലെയും കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ഗവേഷണങ്ങൾ നടത്തുന്നു. 1946 ൽ സ്ഥാപിതമായ ഈ കേന്ദ്രം 1972 ൽ സർവകലാശാല ഏറ്റെടുത്തു. 87.3 ഹെക്ടറാണ് ഈ കേന്ദ്രത്തിന്റെ വിസ്തീർണ്ണം. കുരുമുളകിനങ്ങളിൽ നടത്തിയ പരീക്ഷണങ്ങളിൽ പഞ്ചമി, PN-4, PN-5 എന്നീയിനങ്ങൾ ഹൈറേഞ്ച് ഭാഗത്തേക്ക് വളരെ അനുയോജ്യമാണെന്നുകണ്ടു. മികച്ചയിനങ്ങളെന്നു കരുതപ്പെടുന്ന രണ്ട് പുതിയ ഇഞ്ചിയിനങ്ങളിലും (PGS - 35, V2 E5 - 2) മികച്ച മഞ്ഞൾ ഇനങ്ങളായ VK - 29, VK - 31, PCT - 19 എന്നിവയിലുമുള്ള പരീക്ഷണങ്ങൾ പുരോഗമിച്ചുവരുന്നു.

## ഏലം ഗവേഷണ കേന്ദ്രം, പാമ്പാടുംപാറ

ഈ ഗവേഷണ കേന്ദ്രം പ്രവർത്തനം ആരംഭിച്ചത് 1956 ൽ ആണ്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ സ്ഥിതിചെയ്യുന്ന ഈ കേന്ദ്രം കേരളത്തിലെ മലമ്പ്രദേശങ്ങൾക്ക് യോജിച്ച ഏലം ഇനങ്ങൾ വികസിപ്പിക്കുന്നതിനും കീടരോഗ പ്രശ്നങ്ങൾക്കുള്ള പ്രതിവിധികൾ കണ്ടെത്തുന്നതിനും നല്ല പരിചരണമുറകൾ കണ്ടെത്തുന്നതിനും ഉള്ള ഗവേഷണങ്ങൾ നടത്തിവരുന്നു. ഏലകൃഷിയെ കാര്യമായി ആക്രമിക്കുന്ന തണ്ടുതുരപ്പൻ, ഏലപ്പേൻ



8/0231

(Thrips) എന്നിവയെ ചെറുക്കുന്നതിന് Prosenophose 0.05% എന്ന തോതിൽ തളിക്കുന്നത് ഫലപ്രദമാണെന്ന് കണ്ടു. കുരുമുളകിലെ പൊള്ളു രോഗം നിയന്ത്രിക്കുന്നതിന് Carbendazim 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിലും തുടർന്ന് Saal 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിലും തളിച്ചുകൊടുത്താൽ വളരെ ഫലവത്താണെന്ന് പരീക്ഷണങ്ങൾ തെളിയിക്കുന്നു.

### മേഖലാ കാർഷിക ഗവേഷണകേന്ദ്രം, കുമരകം

1947 ൽ സ്ഥാപിതമായ ഈ കേന്ദ്രം 1958 ൽ കൃഷി വകുപ്പ് ഏറ്റെടുത്തു. 1972 ൽ കേരള കാർഷിക സർവകലാശാല ഏറ്റെടുത്ത ഈ സ്ഥാപനം 1982 ൽ മേഖലാ കാർഷിക ഗവേഷണ കേന്ദ്രമായി ഉയർത്തപ്പെട്ടു. കുട്ടനാട്, ഓണാട്ടുകര, കോൾ, പൊക്കാളി തുടങ്ങിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രശ്നമേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്.

ഈ ഗവേഷണ കേന്ദ്രത്തിന്റെ വിസ്തീർണ്ണം 44.72 ഹെക്ടർ ആണ്. തെങ്ങുരോഗ ഗവേഷണം, തെങ്ങുകൃഷി അടിസ്ഥാനമാക്കി മത്സ്യം-കന്നുകാലി-വിള എന്നിവ ഉൾപ്പെടുത്തിയുള്ള സംയോജിത കൃഷിരീതികളെക്കുറിച്ചുള്ള പഠനം എന്നിവയാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ചുമതലകൾ. എൻ. എ. ആർ. പി. നടപ്പാക്കിയതോടെ എല്ലാ വിളകളെക്കുറിച്ചുമുള്ള പ്രാദേശിക പ്രശ്നാധിഷ്ഠിത പഠനങ്ങൾ ഇവിടെ നടത്തിവരുന്നു. കന്നുകാലി-താറാവ്-മത്സ്യം എന്നിവ ഉൾപ്പെട്ട സംയോജിത കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുള്ള പഠനം തുടർന്നുവരുന്നു. ഇവിടെ നടത്തിയ WCT x CGO, WCT x COD എന്നീ സങ്കരയിനം തെങ്ങുകളുടെ നാളികേര ഉൽപ്പാദനത്തിലുള്ള താരതമ്യ പഠനത്തിൽ WCT x CGO എന്ന സങ്കരയിനം തെങ്ങാണ് മികച്ചതെന്നുകണ്ടു. തെങ്ങിൻ തോട്ടത്തിൽ ഇടവിളയായി ഇഞ്ചികൃഷി ചെയ്യുമ്പോൾ വിളവിലും ഗുണത്തിലും മികച്ചയിനങ്ങളാണ് വരദയും ACCESSION - 204 ഉം. ജലാശയങ്ങളിൽ കണ്ടുവരുന്ന കുളവാഴ തുടങ്ങിയ കളകളെ വെട്ടിനശിപ്പിക്കുന്നതിനുള്ള ഒരു ഉപകരണം രൂപകൽപ്പന ചെയ്ത് നിർമ്മിക്കുകയും വളരെ ഫലപ്രദമായി പരീക്ഷിക്കുകയുമുണ്ടായി. ചൂളമരം, മുള തുടങ്ങിയവയിൽ നൈലോൺ വല കെട്ടിയുണ്ടാക്കിയ മീൻകൂടുകൾ കായലിൽ നിക്ഷേപിച്ച് അതിൽ മത്സ്യം വളർത്തുന്നത് വളരെ വിജയകരമാണെന്നും കണ്ടു.

## നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ്

കുട്ടനാട്ടിലെ ചമ്പക്കുളം പഞ്ചായത്തിലെ തെക്കേക്കര താലൂക്കിലെ മങ്കൊമ്പിൽ 1940 ൽ സ്ഥാപിതമായ ഈ കേന്ദ്രം 1972 ൽ സർവകലാശാല ഏറ്റെടുത്തു. 8.7 ഹെക്ടർ ഭൂവിസ്തീർണ്ണമുള്ള ഈ കേന്ദ്രത്തിൽ കുലവാട്ടത്തിനും ഗാളീച്ചയ്ക്കുമെതിരെ പ്രതിരോധശക്തിയുള്ള നെല്ലിനങ്ങൾ വികസിപ്പിക്കാനുള്ള ഗവേഷണങ്ങൾ പുരോഗമിച്ചു വരുന്നു. 8 Raw & Drill ഉപയോഗിച്ച് നെൽ വിതയിൽ നടത്തിയ പരീക്ഷണത്തിൽ ഉപയോഗിക്കുന്ന വിത്തിന്റെ അളവിലും വളർന്നുവരുന്ന ഞാറിന്റെ പുഷ്ടിയിലും പ്രസ്തുത പദ്ധതി നേർ വിതയേക്കാളും ഞാറുനടീലിനേക്കാളും കൂടുതൽ മെച്ചമാണെന്നുകണ്ടു. ജൈവകീടനാശിനി ഉപയോഗിച്ച് നെൽകൃഷിയിൽ നടത്തിയ പരീക്ഷണങ്ങളിൽ Neem Gold, വേപ്പെണ്ണ എന്നിവയും വെളുത്തുള്ളിസത്ത് ചേർത്തുപ്രയോഗിക്കുന്നത് പോളരോഗം, തണ്ടുതുരപ്പൻ എന്നിവയെ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിന് ഫലപ്രദമാണെന്നു തെളിഞ്ഞു.

## ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം കായംകുളം

തിരുവിതാംകൂർ സർവകലാശാലയുടെ ഗവേഷണവിഭാഗത്തിന്റെ നിയന്ത്രണത്തിൽ 1937 ൽ സ്ഥാപിതമായ ഈ കേന്ദ്രം പിന്നീട് കൃഷിവകുപ്പ് ഏറ്റെടുക്കുകയും 1972 ൽ കാർഷിക സർവകലാശാലയുടെ ഭാഗമായിത്തീരുകയും ചെയ്തു. വളക്കൂറു കുറഞ്ഞ മണൽപ്രദേശമായ ഓണാട്ടുകരയിലെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഗവേഷണമാണ് ഈ കേന്ദ്രത്തിൽ നടക്കുന്നത്. 9.45 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ കേന്ദ്രത്തിൽ ഓണാട്ടുകര പ്രദേശത്തേക്ക് യോജിച്ച നെല്ല്, എള്ള്, നിലക്കടല, പയർ, പച്ചക്കറി, കൂൺ കൃഷി എന്നിവയ്ക്കുള്ള ഗവേഷണങ്ങൾ തുടർന്നു വരുന്നു. PTB - 20 എന്ന നെല്ലിനത്തിൽ വികസിപ്പിച്ചെടുത്ത ഓണാട്ടുകര പ്രദേശത്തേയ്ക്കുപറ്റിയ P 22 (Rice) എന്ന പുതിയ ഇനം വെറൈറ്റി റിലീസ് കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. അതുപോലെ മൂന്നാം വിള തരിശിടുന്ന നെൽ വയലുകളിലേക്കു പറ്റിയ മികച്ച വിളവു നൽകുന്ന ഇനമായ കൾച്ചർ 4 എന്ന ഒരു എള്ളിനവും വെറൈറ്റി റിലീസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

## നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില

1963 ൽ ഇപ്പോഴത്തെ സ്ഥലത്ത് സ്ഥാപിതമായ ഈ കേന്ദ്രത്തിന് 8.91 ഹെക്ടർ വിസ്തീർണ്ണമുണ്ട്. കൾച്ചർ 1806, കൾച്ചർ 1835 എന്നീ നെല്ലിനങ്ങൾ ഈ സ്റ്റേഷനിൽ വികസിപ്പിച്ചെടുത്തവയാണ്. മികച്ച വിളവു തരുന്നതോടൊപ്പം വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലേക്ക് ഇവ യോജിച്ചതുമാണ്. പൊക്കാളി നിലങ്ങളിലേക്ക് യോജിച്ച നെല്ലിനങ്ങളായ കൾച്ചർ 1007, കൾച്ചർ 1009, CIRJ - 3, CIRJ - 9 എന്നിവയിലുള്ള പരീക്ഷണങ്ങൾ പുരോഗമിച്ചുവരുന്നു. വേലിയേറ്റവും, വേലിയിറക്കവും അനുഭവപ്പെടുന്ന പൊക്കാളി നിലങ്ങളിൽ വെള്ളത്തിന്റെ കയറ്റിറക്കം നിയന്ത്രിക്കുന്നത് നെല്ലിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്നുകണ്ടു.

## കരിമ്പ് ഗവേഷണ കേന്ദ്രം, തിരുവല്ല

1975 ൽ സ്ഥാപിച്ച ഈ കേന്ദ്രത്തിൽ അധികോല്പാദനശേഷിയുള്ളതും ഈ പ്രദേശത്തിന് യോജിച്ചതുമായ കരിമ്പിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ തുടർന്നുവരുന്നു. ഈ കേന്ദ്രത്തിൽ നിന്നും പുറത്തിറക്കിയ COT-1 - 93116 എന്നയിനം കരിമ്പ് വളരെ മികച്ചയിനമാണെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിന് ദേശീയാടിസ്ഥാനത്തിൽ റിലീസ് ചെയ്യുവാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഇവിടെ ഉരുത്തിരിച്ചെടുത്ത മദ്ധ്യകാല കരിമ്പിനമായ CO - 94011 പഞ്ചസാര ഉൽപ്പാദനത്തിൽ ഹെക്ടറിന് 11.9 ടണ്ണും ഹ്രസ്വകാല കരിമ്പിനമായ CO - 93078 ഹെക്ടറിന് 8.7 ടണ്ണും രേഖപ്പെടുത്തി.

## അഖിലേന്ത്യാ കാർഷിക നീർവാർച്ചാ ഗവേഷണ പദ്ധതി, കരുമാടി

ഐ. സി. എ. ആറിന്റെ സാമ്പത്തിക സഹായത്തോടെ 1981 ൽ ആണ് ഈ പദ്ധതി ആരംഭിച്ചത്. ഭൂഗർഭ ജലനിർഗ്ഗമനം വഴി മണ്ണിലെ വിഷാംശം കുറച്ച് കരിനിലങ്ങളിൽനിന്നുള്ള നെല്ലുല്പാദനം വർദ്ധിപ്പിക്കാമെന്ന് കണ്ടു.

## പന്നി ഉല്പാദന ഗവേഷണ കേന്ദ്രം, മണ്ണുത്തി

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 1965 ൽ ഒരു ചെറിയ പന്നി പ്രജനനയൂണിറ്റായി തുടങ്ങിയ ഈ സ്ഥാപനം 1972 ൽ കാർഷിക

സർവ്വകലാശാല ഏറ്റെടുത്ത് പന്നി പ്രജനന ഫാം എന്ന് പുനർനാമകരണം ചെയ്തു. 1993 ൽ ദേശി x വിദേശി സങ്കര ഇനം പന്നികളെ ഉല്പാദിപ്പിക്കുന്നതിനും ദേശീയ ഇനങ്ങളെക്കുറിച്ച് പഠിക്കുന്നതിനുമായി 49.18 ലക്ഷം രൂപ മൂല്യം വരുന്ന പദ്ധതി എ. ഐ. സി. ആർ. പി. യുടെ കീഴിൽ ആരംഭിച്ചു. അതോടൊപ്പംതന്നെ എം. എൽ. ഡി. പി. (Massive Livestock Development Programme) പദ്ധതിയും ആരംഭിച്ചിരുന്നു. 1995 ൽ പന്നി ഉല്പാദനത്തിനും ഗവേഷണത്തിനുമുള്ള കേന്ദ്രമായി ഇത് ഉയർത്തി. ലോക ബാങ്ക് സഹായമുള്ള എൻ. എ. ടി. പി. യുടെ മാതൃകാ സ്ഥാപനമായും ഇത് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പന്നിക്കുഞ്ഞുങ്ങളെ വംശവർദ്ധന നടത്തി കൃഷിക്കാർക്ക് വിതരണം ചെയ്യാനുള്ള ഒരു പദ്ധതി ഇവിടെ നിലവിലുണ്ട്. ചെലവുകുറഞ്ഞ തീറ്റിയുല്പാദനത്തിൽ പ്രത്യേക പഠനം നടത്തിവരുന്നു.

## കന്നുകാലി ഫാം, തിരുവാഴാംകുന്ന്

പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽപ്പെട്ട തിരുവാഴാംകുന്നിൽ 1950 ൽ പ്രവർത്തനമാരംഭിച്ച ഈ ഫാമിന്റെ വിസ്തൃതി 163.3 ഹെക്ടറാണ്. കേരള കാലാവസ്ഥക്ക് യോജിച്ചതും ഉൽപ്പാദനക്ഷമത കൂടിയതുമായ സങ്കരയിനം പശുക്കളെ വികസിപ്പിച്ചെടുക്കുന്നതിനുള്ള പരീക്ഷണങ്ങളാണ് ഇവിടെ കാര്യമായി നടക്കുന്നത്. ഇതോടൊപ്പംതന്നെ തേക്ക്, അക്കേഷ്യ എന്നി ഇനത്തിൽപ്പെട്ട വിവിധയിനം മരങ്ങളെപ്പറ്റിയും കുരുമുളകുവള്ളി പടർത്തുന്നതിനു യോജിച്ച വിവിധയിനം വൃക്ഷങ്ങളെപ്പറ്റിയുമുള്ള പരീക്ഷണങ്ങൾ ഇവിടെ നടന്നുവരുന്നു.

## ഗോസംവർദ്ധന കേന്ദ്രം, തുമ്പൂർമുഴി

പശുക്കുട്ടികളെ വളർത്തി കൃത്രിമ ബീജസങ്കലനംവഴി ഗർഭിണികളാക്കി, ഗർഭിണികളായ പശുക്കളെ മണ്ണുത്തി കന്നുകാലി വളർത്തൽ കേന്ദ്രത്തിലേക്ക് നൽകുകയാണ് 1957 ൽ ആരംഭിച്ച ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. കൂടാതെ മുന്തിയ ഇനം പുല്ലിന്റെ നടീൽ വസ്തുക്കളും നൽകുന്നുണ്ട്. 29.3 ഹെക്ടർ വിസ്തൃതിയുള്ള ഈ കേന്ദ്രം തൃശൂർ ജില്ലയിൽ ചാലക്കുടിക്കടുത്താണ്. പ്രാദേശിക കർഷകർക്ക് കന്നുകാലി ആരോഗ്യ പരിപാലനത്തിൽ

ഉപദേശം നൽകുക, കൃത്രിമ ബീജസങ്കലനം തുടങ്ങിയ പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നു. മണ്ണുത്തി ഡയറി സയൻസ് വിദ്യാർത്ഥികൾക്കുള്ള ഫാം പരിശീലനം ഇവിടെയാണ് നടക്കുന്നത്.

ഹോൾസ്റ്റീൻ, ഫ്രീഷ്യൻ, ബ്രൗൺ സ്വിസ്, ജേഴ്സി ക്രോസ് എന്നീ ഇനങ്ങളിൽപ്പെട്ട കാലികളെയും വെച്ചൂർ പശുക്കളെയും ഈ കേന്ദ്രത്തിൽ വളർത്തുന്നുണ്ട്. ഫാമിന്റെ 75 ശതമാനം പുൽക്കൃഷി നടത്തുന്നു.

## കന്നുകാലി-തീറ്റപ്പുൽ ഗവേഷണ വികസന പദ്ധതി, മണ്ണുത്തി

മണ്ണുത്തി വെറ്ററിനറി കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഈ കേന്ദ്രത്തിൽ തീറ്റപ്പുല്ലിൽ ഗവേഷണം നടന്നുവരുന്നു. ഇവിടെനിന്നും തീറ്റപ്പുല്ല് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. കന്നുകാലി വളർത്തലും പരിപാലനവും ഈ കേന്ദ്രത്തിന്റെ ലക്ഷ്യമാണ്.

## കന്നുകാലി വളർത്തലും മാംസ സംസ്ക്കരണ യൂണിറ്റും

1992ൽ സ്ഥാപിതമായ ഈ കേന്ദ്രത്തിൽ പ്രാദേശിക സ്ഥാപനങ്ങൾക്ക് ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. മാംസോല്പന്നങ്ങൾ നിർമ്മിക്കുന്നതിലൂടെ വരുമാനം കൂട്ടുന്നതിനും ഈ കേന്ദ്രം ശ്രദ്ധിക്കുന്നുണ്ട്. അറവുശാലയിലെ അവശിഷ്ടങ്ങളിൽ നിന്നും പ്രയോജനപ്രദമായ ഉപോൽപന്നങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനുള്ള ഒരു പദ്ധതിയും ഇവിടെ നിലവിലുണ്ട്.

## സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ്, മണ്ണുത്തി

കോഴി, താറാവ്, കാട കൃഷികളിൽ നിന്നും മികച്ച ആദായം ലഭ്യമാക്കുന്ന രീതികളെപ്പറ്റി കർഷകർക്ക് ഇവിടെനിന്ന് പ്രായോഗിക പരിശീലനം നൽകിവരുന്നു. താറാവുകളിൽ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പ്രത്യേക NATP പദ്ധതിയും ഇവിടെ നടന്നുവരുന്നുണ്ട്.

## ഫിഷറീസ് സ്റ്റേഷൻ, പുതുവൈപ്പ്

ഫിഷറീസ് വിദ്യാർത്ഥികൾക്കുള്ള പരിശീലനകേന്ദ്രമായി പ്രവർത്തിക്കുന്ന ഈ കേന്ദ്രം 1979 ൽ പ്രവർത്തനമാരംഭിച്ചു. വിസ്തൃതി 101.12 ഹെക്ടർ ആണ്. കാമ്പസിന്റെ കൂടുതൽ ഭാഗവും കണ്ടൽക്കാടുകളാണ്. ഈ പ്രദേശങ്ങൾ കുളവും ബണ്ടുകളുമാക്കി തിരിച്ച് മത്സ്യക്കൃഷിക്കും നെൽക്കൃഷി ഗവേഷണത്തിനും ഉപയോഗിക്കുന്നു. മറ്റ് സ്ഥലത്തെ ബണ്ടുകളിൽ തെങ്ങുകൃഷി ചെയ്യുന്നു. ഈയിടെ 50 ഏക്കർ ഭൂമി ശാസ്ത്രഗവേഷണങ്ങൾക്കായി സർവ്വകലാശാലയ്ക്ക് വിട്ടുതന്നു. ബാക്കി സ്ഥലം തെർമ്മൽ പ്ലാന്റും മറ്റ് പദ്ധതികളും നടപ്പിലാക്കുന്നതിനായി ഗവൺമെന്റ് ഏറ്റെടുക്കുന്നതായി ഉത്തരവിറക്കിയിരുന്നു. പുറമെനിന്നും ധനസഹായം ലഭിക്കുന്ന ഒരു പദ്ധതി ഉൾപ്പെടെ അംഗീകാരം ലഭിച്ച പദ്ധതികൾ ഇവിടെ തൃപ്തികരമായി നടന്നുവരുന്നു. ഓരുജല മത്സ്യക്കൃഷിയിൽ ബി. എഫ്. എസ്. സി., എം. എഫ്. എസ്. സി. വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനും ഓരുജല ചതുപ്പുനിലം കൃഷിക്ക് ഉപയോഗിക്കുന്നതിനുമുള്ള പരിശീലനവും ഇവിടെ നടന്നുവരുന്നു. മത്സ്യാധിഷ്ഠിത സംയോജിത കൃഷിയിൽ തിരഞ്ഞെടുത്ത കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്.

# വിജ്ഞാനവ്യാപനം

ഗവേഷകരും കർഷകരും തമ്മിലുള്ള അകലം കുറയ്ക്കുകയാണ് വിജ്ഞാനവ്യാപനത്തിന്റെ പ്രധാന ലക്ഷ്യം. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാനവ്യാപന പരിപാടികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള ചുമതല വിജ്ഞാനവ്യാപന വിഭാഗം ഡയറക്ടർക്കാണ്. ഇതിനായി വൈസ്ചാൻസലറുടെ അദ്ധ്യക്ഷതയിൽ വിജ്ഞാനവ്യാപന ഉപദേശകസമിതി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ വികസനവകുപ്പുകൾക്കും വികസന ഏജൻസികൾക്കും സാങ്കേതിക സഹായം നൽകുക, കാർഷിക മേഖലയിലെ പുതിയ അറിവുകൾ വിവിധ മാധ്യമങ്ങളിലൂടെ കർഷകർക്കു പകർന്നു നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ വിജ്ഞാനവ്യാപന വിഭാഗത്തിൽ നടക്കുന്നു. ഫാം അഡ്വൈസറി സർവ്വീസ്, കമ്മ്യൂണിക്കേഷൻ സെന്റർ, കൃഷിവിജ്ഞാന കേന്ദ്രങ്ങൾ, ഐ.വി.എൽ.പി പദ്ധതി, കേന്ദ്ര പരിശീലന സ്ഥാപനം തുടങ്ങിയവയിലൂടെ ആണ് വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വിജ്ഞാനവ്യാപന കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞന്മാർ ഇതിന് നേതൃത്വം നൽകുന്നു. റിപ്പോർട്ടു കാലത്ത് ഡോ. എ. ഐ. ജോസ്, ഡയറക്ടർ ഓഫ് എക്സ്റ്റൻഷനായി തുടർന്നു.

പത്രങ്ങളിലൂടെയുള്ള കാർഷിക ലേഖനങ്ങൾ, ചോദ്യോത്തരങ്ങൾ, റേഡിയോ/ടെലിവിഷൻ മുഖേനയുള്ള കാർഷിക വിദ്യാഭ്യാസ പരിപാടികൾ, തപാൽമാർഗ്ഗ പരിശീലനപരിപാടി, പ്രദർശനങ്ങൾ, വിവിധ സാങ്കേതിക പ്രസിദ്ധീകരണങ്ങൾ, കർഷകരുടെ കൃഷിയിടങ്ങൾ നേരിൽ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കൽ, കർഷകരുടെ നേരിലും കത്തുമുഖേനയുമുള്ള സംശയങ്ങൾക്ക് മറുപടി നൽകൽ തുടങ്ങിയവയാണ് റിപ്പോർട്ടുവർഷം നടപ്പാക്കിയ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ.

റിപ്പോർട്ടുവർഷം സംസ്ഥാനത്തെ വിവിധ ജില്ലകളിലായി സംഘടിപ്പിച്ച കാർഷിക സെമിനാറുകളിൽ ഫാം അഡ്വൈസറി യൂണിറ്റ് പങ്കെടുത്തു. കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച്

പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചു. കൃഷി, മൃഗസംരക്ഷണം, മൽസ്യം വളർത്തൽ, പട്ടുനൂൽ പുഴു വളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ സംശയനിവാരണത്തിനും പ്രശ്നപരിഹാരത്തിനുമായി 2067ൽ പരം കർഷകർ കമ്മ്യൂണിക്കേഷൻ സെന്ററിൽ വരികയുണ്ടായി.

തൃശൂർ പൂരത്തോടനുബന്ധിച്ച് നടത്തിയ അഖിലേന്ത്യാ കാർഷിക വ്യാവസായിക പ്രദർശനത്തിൽ സ്വയം ഭരണസ്ഥാപനങ്ങളുടെ വിഭാഗത്തിൽ ഏറ്റവും മികച്ച പവലിയനുള്ള ട്രോഫി കേരള കാർഷിക സർവ്വകലാശാല കരസ്ഥമാക്കി. ഇതിനുപുറമെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി പ്രദർശനങ്ങളിൽ ഈ യൂണിറ്റ് പങ്കെടുക്കുകയുണ്ടായി.

അമ്പലവയൽ, പട്ടാമ്പി, മഞ്ചേശ്വരം, സദാനന്ദപുരം, കുമരകം എന്നിവിടങ്ങളിലെ കൃഷി വിജ്ഞാനകേന്ദ്രങ്ങൾ ആദിവാസികൾക്കും കർഷകർക്കും തൊഴിൽരഹിത യുവാക്കൾക്കുംവേണ്ടി പരിശീലനപരിപാടികൾ നടത്തുന്നുണ്ട്.

1986 ൽ എൻ. എ. ഇ. പി. ഒന്നാം ഘട്ടത്തിൻ കീഴിൽ സ്പെഷ്യൽ സബ്പ്രോജക്ടായി ആരംഭിച്ച സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഭാരത സർക്കാറിന്റെ സാമ്പത്തിക സഹായത്തോടെ ട്രെയിനിങ്ങുകൾ നടത്തിവരുന്നു. 1991 മാർച്ച് 31 നു ശേഷം ഈ സ്ഥാപനത്തിന്റെ മുഴുവൻ സാമ്പത്തിക ബാദ്ധ്യതയും സർവ്വകലാശാലയ്ക്കാണ്. സർവ്വകലാശാലയുടെ മുഴുവൻ ട്രെയിനിങ്ങുകളും നടത്തുന്ന ഈ സ്ഥാപനത്തിന് വെള്ളായണി, പിലിക്കോട് കാർഷിക കോളേജുകളിൽ ഓരോ ഉപകേന്ദ്രങ്ങൾ കൂടി ഉണ്ട്. ഈ വർഷം മൊത്തം 71 ട്രെയിനിങ്ങ് പ്രോഗ്രാമുകൾ നടത്തുകയുണ്ടായി.

വിജ്ഞാനവ്യാപനവിഭാഗം ഡയറക്ടർ നാഷണൽ സർവ്വീസ് സ്കീം കോ-ഓർഡിനേറ്റർ കൂടിയാണ്. ഏഴ് എൻ. എസ്. എസ്. യൂണിറ്റുകൾ വിവിധ കോളേജുകളിലായി പ്രവർത്തിക്കുന്നുണ്ട്.

മണ്ണുത്തിയിലുള്ള യൂണിവേഴ്സിറ്റി പ്രസ്സിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഫോറങ്ങൾ, രജിസ്റ്ററുകൾ, ഗവേഷണ റിപ്പോർട്ട്, വാർഷിക റിപ്പോർട്ട്, ത്രൈമാസികയായ കലിപഥേനു, ബഡ്ജറ്റ്, കൂപ്പണുകൾ, വിവിധ കോഴ്സുകളിലേക്കുള്ള സർട്ടിഫിക്കറ്റുകൾ, പ്രോസ്പെക്ടസ്, വിവിധ കോളേജുകളിലേക്കുള്ള പ്രാക്ടി

ക്കൽ മാനുവലുകൾ എന്നിവ അച്ചടിച്ചു. തൊടി നിറയെ കോഴി-മടി നിറയെ ലാഭം, മാവ്-രോഗങ്ങളും കീടങ്ങളും, മുല്ലക്കൃഷി, ജീവവളങ്ങൾ, കമുക്, ഉഷ്ണകാല ഇലക്കറി വിളകൾ, കാർഷിക സർവ്വകലാശാലയിൽനിന്നും പുറത്തിറക്കിയ പച്ചക്കറി ഇനങ്ങൾ, കശുമാവും കാലാവസ്ഥയും, മലബാറി ഇനം ആടുകളുടെ വർഗ്ഗോദ്ധാരണ പദ്ധതികൾ, സർവ്വകലാശാലയുടെ വിവിധ റിപ്പോർട്ടുകൾ എന്നിവയും അച്ചടിച്ചു.

### വിജ്ഞാന വിപണന കേന്ദ്രം

1993 ജൂലായ് 16 ന് ആരംഭിച്ച ഈ കേന്ദ്രം യൂണിവേഴ്സിറ്റിയുടെ വിജ്ഞാനവ്യാപനത്തിൽ പ്രധാന പങ്കുവഹിക്കുന്നു. ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ, സർവ്വകലാശാലാ പ്രസിദ്ധീകരണങ്ങൾ, പാൽ, പാലുല്പന്നങ്ങൾ, മാംസം, മാംസോല്പന്നങ്ങൾ, കോഴിമുട്ട, പഴം, പച്ചക്കറി, അലങ്കാരമത്സ്യക്കുഞ്ഞുങ്ങൾ തുടങ്ങിയവ വിൽപന നടത്തിവരുന്നു. ഇതോടൊപ്പം കർഷകർക്ക് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങളും പ്രശ്ന പരിഹാരങ്ങളും ഫാം ക്ലിനിക്കുകൾ വഴിയും വീഡിയോ പ്രദർശനം വഴിയും ഈ കേന്ദ്രത്തിൽ നൽകി വരുന്നു. യൂണിവേഴ്സിറ്റിയുടെ പല കേന്ദ്രങ്ങളിലും ഇത്തരം യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മ, ഐ. സി. എ. ആർ. അക്രഡിറ്റേഷൻ ടീം, , ഡോ. അനിൽ കാക്കോട്കർ (ചെയർമാൻ, ആറ്റമിക് എനർജി കമ്മീഷൻ, ഗവർമെന്റ് ഓഫ് ഇന്ത്യ), ഡോ. മിസിസ് എ. എം. സാമുവേൽ (ഡയറക്ടർ, ബയോ മെഡിക്കൽ ഗ്രൂപ്പ്, ബി. എ. ആർ. സി.), ഡോ. എസ്. എഫ്. ഡിസൂസ (ഹെഡ്, ന്യൂക്ളിയർ അഗ്രിക്കൾച്ചറൽ ബയോടെക്നോളജി ഡിവിഷൻ, മുംബയ്), ഡോ. എൻ. റ്റി. യദുരാജു (കോ-ഓർഡിനേറ്റർ ആന്റ് ഡയറക്ടർ, എൻ. ആർ. സി. ഡബ്ളിയു. എസ്., ജബൽപ്പൂർ), മിസ്സിസ് മീനാ സ്വാമിനാഥൻ (ഡയറക്ടർ, ജൻഡിവർ, എം. എസ്. എസ്. ആർ. എഫ്. ചെന്നൈ), ഡോ. താരാ തോമസ് (ഇക്കണോമിസ്റ്റ്, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ, ഗവ. ഓഫ് ഇന്ത്യ), ഡോ. രേവതി ബാലകൃഷ്ണൻ (റൂറൽ സോഷ്യോളജിസ്റ്റ്, എഫ്. എ. ഒ., ബാങ്കോക്ക്) എന്നിവർ ഈ കാലഘട്ടത്തിൽ സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ സന്ദർശിക്കുകയുണ്ടായി.

# കേന്ദ്രഗ്രന്ഥാലയം

ബൃഹത്തായ ഒരു കാർഷിക ഗ്രന്ഥശേഖരം, ഗ്രന്ഥ വിജ്ഞാന വിതരണ സംവിധാനം എന്നിവയ്ക്കായി പ്രത്യേകം ആസൂത്രണം ചെയ്ത യൂണിവേഴ്സിറ്റിയുടെ സെൻട്രൽ ലൈബ്രറി 1997 ൽ വെള്ളാനിക്കരയിൽ സ്ഥാപിതമായി. അച്ചടിച്ച പുസ്തകങ്ങൾക്കുപുറമെ എല്ലാ മാധ്യമങ്ങളിലും ഉൾപ്പെട്ട അറിവുകൾ ശേഖരിക്കുന്നതിനും അത് ഗവേഷകർക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും കർഷകർക്കും ഉപയോഗപ്പെടുത്തുന്നതിനും വേണ്ട ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഇവിടെയുണ്ട്.

OPAC കാറ്റലോഗ് സംവിധാനത്തിൽ ഏതെല്ലാം കാര്യങ്ങൾ എവിടെ ലഭ്യമാണ് എന്ന് എല്ലാ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്താനാകും. CD ROM, ഇലക്ട്രോണിക് ലൈബ്രറി, തീസിസ് കമ്പ്യൂട്ടറൈസേഷൻ, CGIAR ലൈബ്രറി, വികസനപ്രവർത്തന വിജ്ഞാനം, ഡാറ്റാ ബേയ്സ് ഡവലപ്മെന്റ്, മൾട്ടിമീഡിയ വിഭാഗം, ലൈബ്രറി നെറ്റുവർക്ക്, ഇന്റർനെറ്റ് ആന്റ് ഓൺ ലൈൻ സർവ്വീസ്, ഇൻഫ്ളിബ്നെറ്റ്, ദൃശ്യ-ശ്രാവ്യരേഖാശേഖരം എന്നീ സൗകര്യങ്ങൾ ഈ ലൈബ്രറിയിലുണ്ട്. ഇന്ത്യാഗവൺമെന്റിന്റെ അനുവാദപ്രകാരം ഇവിടെ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ അപ്രന്റീസ്ഷിപ് ട്രെയിനിങ് നൽകിവരുന്നു. റിപ്പോർട്ടു കാലയളവിൽ ശ്രീമതി എം. സി. ലളിത ആണ് ലൈബ്രേറിയന്റെ ചാർജ്ജ് വഹിച്ചത്.

# എഞ്ചിനീയറിംഗ് വിഭാഗം

വെള്ളാനിക്കരയിലുള്ള ഫിസിക്കൽ പ്ലാന്റ് ഡയറക്ടറേറ്റ്, പനങ്ങാട് എഞ്ചിനീയറിംഗ് ഡിവിഷൻ, വെള്ളായണി, മണ്ണുത്തി, പട്ടാമ്പി, തവനൂർ, കോലാഹലമേട്, പൂക്കോട്, സബ് ഡിവിഷനുകൾ, വെള്ളായണിയിലും വെള്ളാനിക്കരയിലുമുള്ള ഇലക്ട്രിക്കൽ സബ്ഡിവിഷനുകൾ എന്നിവ ഉൾപ്പെടുന്നതാണ് സർവകലാശാലയുടെ മരാമത്തുവിഭാഗം. നിർമ്മാണ പ്രവർത്തനങ്ങൾക്കു പുറമേ കെട്ടിടങ്ങളുടേയും റോഡുകളുടേയും അറ്റകുറ്റപ്പണികളും ഈ വിഭാഗമാണ് ചെയ്തുവരുന്നത്. 5,44,61,366 രൂപയാണ് ഈ വർഷത്തെ ചെലവ്. പ്രസ്തുത കാലത്ത് ശ്രീ. പി. ആർ. ഗോവിന്ദൻ ഫിസിക്കൽ പ്ലാന്റ് ഡയറക്ടറുടെ ചാർജ് വഹിച്ചു.

# വിദ്യാർത്ഥിക്ഷേമം

വിവിധ വിദ്യാർത്ഥിക്ഷേമ പരിപാടികൾ പ്രസ്തുത വിഭാഗം ഡയറക്ടറുടെ മേൽനോട്ടത്തിലാണ് നടപ്പാക്കി വരുന്നത്. വിവിധ ഇന്റർകൊളീജിയറ്റ് ടൂർണ്ണമെന്റുകളും വിദ്യാർത്ഥിയൂണിയൻ പ്രവർത്തനങ്ങളും തൃപ്തികരമായി നടന്നു.

റിപ്പോർട്ടുവർഷവും കേരള കാർഷിക സർവകലാശാല അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയിൽ അംഗമായിരുന്നു. ഡോ. വി. എസ്. ബാലകൃഷ്ണൻ, ഡോ. ജോസ് ജോൺ ചുങ്കത്ത്, ഡോ. ടി. ശ്രീകുമാരൻ എന്നിവർ ഈ കാലയളവിൽ ഡയറക്ടറുടെ ചാർജ്ജ് വഹിച്ചു.

ഇന്റർകൊളീജിയറ്റ്, ഇന്റർ യൂണിവേഴ്സിറ്റി തലങ്ങളിൽ വിവിധ ടൂർണ്ണമെന്റുകളിൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. വിദ്യാർത്ഥി യൂണിയൻ സാഹിത്യ മത്സരങ്ങളും സെമിനാറുകളും ശില്പശാലകളും നടത്തുകയുണ്ടായി. അഖിലേന്ത്യാ തലത്തിൽ കാർഷിക സർവ്വകലാശാലകളിലെ വിദ്യാർത്ഥി- വിദ്യാർത്ഥിനികളെ പങ്കെടുപ്പിച്ചുകൊണ്ട് അഗ്രി യൂണിഫെസ്റ്റ് 2001' ഈ ഡയറക്ടറേറ്റിന്റെ ചുമതലയിൽ പ്രശംസനീയമായി സംഘടിപ്പിക്കുകയുണ്ടായി.

കാർഷിക സർവ്വകലാശാല വിദ്യാർത്ഥികൾക്കുവേണ്ടി മണ്ണുത്തിയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ പ്രവർത്തനം തുടർന്നു. എംപ്ലോയ്മെന്റ് ന്യൂസ് ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചു.

# സർവ്വകലാശാല എസ്റ്റേറ്റും കാമ്പസ് വികസനവും

വെള്ളാനിക്കര റബർ എസ്റ്റേറ്റിന്റെ ആകെ വിസ്തീർണ്ണം 391.44 ഹെക്ടർ ആണ്. ഇതിൽ 253.30 ഹെക്ടർ മറ്റാവശ്യങ്ങൾക്കായി വിട്ടുകൊടുത്തിരിക്കുകയാണ്. 138.14 ഹെക്ടറാണ് എസ്റ്റേറ്റിന്റെ അധീനതയിലുള്ളത്. റിപ്പോർട്ടുവർഷം 24,207 കി.ഗ്രാം റബർ ഉൽപാദിപ്പിക്കുകയും വിൽക്കുകയും ചെയ്തു. ആകെ 8,73,006 രൂപയ്ക്കാണ് പ്രസ്തുത റബ്ബർ ലേലത്തിൽ പോയത്. എസ്റ്റേറ്റിന്റെ റിപ്പോർട്ട് വർഷത്തെ ചെലവ് 24,42,157 രൂപയാണ്.

കാമ്പസ് വികസന പദ്ധതി 1990 ലാണ് തുടങ്ങിയത്. ഇതിനു കീഴിൽ 1991 ഡിസംബർ 31 ന് ആരംഭിച്ച സെൻട്രൽ നേഴ്സറി യൂണിവേഴ്സിറ്റി കാമ്പസ്സ് സൗന്ദര്യവൽക്കരണവും കർഷകർക്ക് ആവശ്യമായ വിത്തും ഗുണമേൻമയുള്ള നടീൽ വസ്തുക്കളും ഉൽപാദിപ്പിച്ചു വിതരണം ചെയ്യുന്നു. 76 തൊഴിലാളികൾ ഇവിടെ ജോലി ചെയ്തു വരുന്നു. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് സ്വയം തൊഴിൽ പദ്ധതികളിൽ ഏർപ്പെടുവാൻ ഉള്ള ഒരു പദ്ധതിയെന്ന നിലയിൽ അബാർഡ് ട്രെയിനിങ്ങും ഇവിടെ നടത്തിവരുന്നു.

# ധനകാര്യം

കേരള സർക്കാരിൽ നിന്നും 6,550 ലക്ഷം രൂപയും (4,400 ലക്ഷം രൂപ നോൺ പ്ലാനിലും 2,150 ലക്ഷം രൂപ പ്ലാനിലും), ഐ. സി. എ. ആറിൽ നിന്നും 1,007 ലക്ഷവും, മറ്റ് ഏജൻസികളിൽ നിന്ന് 160 ലക്ഷവും, ആഭ്യന്തര വരുമാനം 701 ലക്ഷവും, പെൻഷൻ, വായ്പ, പി. എഫ്. ഇനങ്ങളിൽ 2096.300 ലക്ഷവും വരുമാനം പ്രതീക്ഷിച്ച് 11,510 ലക്ഷത്തിന്റെ ബഡ്ജറ്റാണ് യൂണിവേഴ്സിറ്റിയും ഫിനാൻസ് കമ്മിറ്റിയും കൂടി ശുപാർശ ചെയ്തത്. സർക്കാർ ഗ്രാന്റായി 5,475 ലക്ഷം രൂപ ലഭിച്ചു. ലോൺസ് ആന്റ് സസ്പെൻസ് അടക്കം ഈ വർഷത്തെ ചെലവ് 10,635.122 ലക്ഷമാണ്. മൂന്ന് ഇന്റേണൽ ഓഡിറ്റ് സർക്കിളുകളാണ് യൂണിവേഴ്സിറ്റിയിലുള്ളത്.

810231